





# ഡിജി മാഗ്

41059

## എന്റെ സ്കൂളിനൊരു ഡിജിറ്റൽ മാഗസിൻ

## ഉള്ളടക്കം


| കൃതികൾ | തയ്യാറാക്കിയത് | പേജ് നം |
|---|---|---|
| എഡിറ്റോറിയൽ | കൃഷ്ണകുമാർ ബി<br>മാളവിക എസ് | 7 |
| എഡിറ്റോറിയൽ ബോർഡ് | | 8 |
| ആശംസകൾ | **പ്രൊഫ .സി രവീന്ദ്രനാഥ്** | 9 |
| ആശംസകൾ | ശ്രീ അൻവർ സാദത്ത് | 10 |
| ആശംസകൾ | ശ്രീ റെനി ആന്റണി | 11 |
| ആശംസകൾ | ശ്രീമതി സലീന ബീവി | 12 |
| ആശംസകൾ | അഡ്വ എം എസ് ഗോപകുമാർ | 13 |
| ആശംസകൾ | ശ്രീ ലിബുമോൻ | 14 |
| ആശംസകൾ | അഡ്വ ബൈജു | 15 |
| ആശംസകൾ | ശ്രീമതി എം ഉഷ | 16 |
| ആശംസകൾ | രജനി കൃഷ്ണകുമാർ<br>എം പി ടി എ പ്രസിഡന്റ് | 17 |
| സ്കൂൾ ചരിത്രം | | 18 |
| അച്ഛനും അമ്മയും | സജിൻരാജ് 8 D | 19 |
| തൂവൽ സ്പർശം | ജഹാന 9 E | 20 |
| അമ്മേ നിനക്കായി | അനിരുദ്ധ് ശ്യാം 9 E | 21 |

| | | |
|---|---|---|
| കുട്ടികളുടെ സ്വന്തം ചാച്ചാജി | അന്യൂപ് 9 E | 22 |
| ദുഷ്ടന്മാരായ സേവകർ | അലീന 7 E | 23 |
| ഇന്ത്യയിൽ ആദ്യത്തേത് | ഇഷ 8 F | 24 |
| കേരളവും ഇൻഡസ്ട്രി 4.0 യും | ആദിത്യൻ സതീഷ് 9 E | 25 |
| ഇരുട്ടിൽ അമരുന്നിതാ ഞാൻ | വിനോദ് റോയി<br>പ്രാക്കുളം | 27 |
| കലാമിന്റെ വാക്കുകൾ | നിത്യ 9 E | 28 |
| കരയുന്ന പാവക്കുട്ടികൾ | ദേവനന്ദ അജയ്<br>7 D | 30 |
| ഉണരേണം മലയാളി | ആവണി വി റോയി<br>(പൂർവ്വ വിദ്യാർത്ഥി) | 32 |
| കുസൃതി ചോദ്യങ്ങൾ | ആദർഷ്<br>9 E | 33 |
| മോളിയുടെ പ്രിയപ്പെട്ട ആന | അമൃതാ രാജു<br>5-B | 34 |
| എൻെറ വിദ്യാലയം<br>എൻെറ അദ്ധ്യാപകർ<br>എൻെറ സുഹൃത്തുക്കൾ | കൃപ<br>9 E | 36 |
| നിലാവിന്റെ രാത്രി | ദേവിക.എസ് 9 C | 37 |
| പ്രണയം | എസ്. സുരേഷ് ബാബു<br>(മലയാളം അദ്ധ്യാപകൻ) | 39 |
| പുലർ കാഴ്ച | അഞ്ജു.സി.എൽ 9 C | 40 |
| ക്വിസ് | ഭരത് ലാൽ<br>8 C | 42 |
| ശാസ്ത്രം - മനുഷ്യന്റെ സുഹൃത്ത് | ഷിനാസ്<br>9 E | 43 |
| സൗഹൃദം | ഹന്ന<br>9E | 44 |
| കായിക വിജ്ഞാനം | അഭിരാജ് | 46 |

| | | |
|---|---|---|
| | 9 E | |
| സുതാര്യ കവിതകൾ | അഞ്ജലി സുരേഷ് 6 E | 48 |
| ബാല്യം | സഹതിയ എസ്<br>7D | 49 |
| പിറക്കാതിരുന്നെങ്കിൽ | ഡോ എസ് എസ് ഫിലോമിന<br>(മലയാളം അദ്ധ്യാപിക) | 52 |
| വിണ്ണിലെ അമ്മ നക്ഷത്രം | ദേവിക.ആർ<br>VII.D | 54 |
| വലയിലാക്കും ചോദ്യങ്ങള് | നന്ദന എ.എസ്<br>9G | 55 |
| എന്റെ വിദ്യാലയം | അഭിഷേക്<br>6 A | 56 |
| പാട് | ലാവണ്യ എസ് 5 – ക്ലാസ്<br>വിദ്യാർത്ഥി<br>N S S H S S പ്രാക്കുളം | 57 |
| സി.കേശവൻ ഒരു അതുല്ല്യ പ്രതിഭ | ഷാദാ വി ഭരൻ<br>(മലയാളം അദ്ധ്യാപിക) | 60 |
| റിപ്പോർട്ട് | ഐബ എ<br>മലയാളം സബ്ജക്ട് കൺവീനർ | 62 |
| അഹങ്കാരിയായ സ്വർണ്ണമീൻ | വിശ്ലേഷ് വി എസ്<br>6B | 63 |
| ബീമു ചേട്ടന്റെ വിനോദം | ആരോമൽ<br>6 B | 64 |
| സന്യാസിയുടെ നായക്കുട്ടി | അജ്മൽ<br>8H. | 66 |
| സ്മാർട്ട് ഫോണിലെ കെമിസ്ട്രി | രശ്മി.ജി<br>HST കെമിസ്ട്രീ | 68 |
| ചെന്നായയും ആട്ടിൻകുട്ടിയും | അഫ്സൽ<br>8 G | 70 |
| അപ്പൂപ്പനും അമ്മൂമ്മയും ചാമ്പങ്ങയും | സംഗീത്<br>6 C | 72 |
| ചിണ്ടൻ എന്ന ചെണ്ടക്കാരൻ | അദ്വൈത സേനൻ<br>9E | 73 |


| | | |
|---|---|---|
| ഗുരു ദൈവത്തിനു സമം | അഞ്ജന. ആർ<br>10 എഫ് | 74 |
| മഹത് വചനങ്ങൾ | അർജ്ജുൻ വി റോയി<br>(പൂർവ്വ വിദ്യാർത്ഥി) | 75 |
| Mathematics club Report | വിനീത HST മാത്സ് | 77 |
| OUR BELOVED<br>A. P. J ABDUL KALAM | Bibina<br>9 E | 79 |
| BUTTERFLY | Vyshnavi.B<br>6E | 80 |
| Chandrayan 2 | NIRANJAN KRISHNA<br>8C | 81 |
| INTERESTING FACT OF<br>DISCIPLINE | Naveen Prasad 9 E | 82 |
| FRIENDSHIP | MALAVIKA S<br>9 E | 84 |
| TRUE FRIENDSHIP | Keerthana S<br>9:C | 85 |
| Internet in day to day life | ARATHY<br>10 F | 86 |
| FRIENDSHIP A<br>BLESSING | SONA MOL<br>9 E | 87 |
| MAHATMA-GANDHI THE<br>GREAT SOUL | Danush<br>6 F | 89 |
| The secret of Happiness | DHANUTHRA P S<br>9 E | 90 |
| Hindu Goodness in Alphabets | SOORAJ RAMESHAN 9E | 92 |
| Activities of English club | Philomina Selvan (HST<br>English) | 94 |
| THE STORY OF SCIENCE | SREE NANDAN<br>10 G | 95 |
| FUN WITH MATHEMATI | CSAKSHAY<br>10 D | 96 |

| | | |
|---|---|---|
| From a strictly mathematical view point | AFNA 10 F | 98 |
| Mistakes | ASWATHY 10 F | 99 |
| MY MOTHER | ARJUN 10 D | 101 |
| PROUD TO BE AN INDIAN | AZNA 9 F | 103 |
| OUR NATIONAL FLAG | Malavika R 9 G | 104 |
| Quotes for a happy life | Bhagya 9 D | 106 |
| TIME IS PRECIOUS | Goutham 9 I | 107 |
| മികവിന്റെ സാക്ഷ്യങ്ങൾ ചിത്രശേഖരം | | 108 |
| നന്ദി | ജി രശ്മി | 115 |

## എഡിറ്റോറിയൽ

കേരളത്തിലെ പൊതു വിദ്യാലയങ്ങൾ ഇന്ന് വികസനത്തിന്റെയും വിജയത്തിന്റെയും കുതിപ്പിലാണ് .അതിന്റെ ഭാഗമായി അഞ്ചാലുംമൂട് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളും അടുത്ത അദ്ധ്യയന വർഷം മുതൽ ഹൈടെക് വിദ്യാലയമായി മാറുകയാണ് .സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യമാണ് ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തെ തന്നെ മികച്ച രണ്ടാമത്തെയും ,ജില്ലയിലെ ഒന്നാമത്തെയും യൂണിറ്റായി നമ്മുടെ സ്കൂൾ തിരഞ്ഞെടുക്കുകയുണ്ടായി .അതിൽ നിന്നുള്ള ആവേശവും , ഊർജ്ജവും ഉൾക്കൊണ്ടുകൊണ്ട് ഈ വർഷത്തെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുകയാണ് .എല്ലാവരുടെയും അകമഴിഞ്ഞ സഹായവും പ്രാർത്ഥനയും ഇനിയുമുണ്ടാകുമെന്ന ഉറപ്പുണ്ട് .

മലയാളം കംപ്യൂട്ടിങ്ങും ഡെസ്ക്ടോപ് പബ്ലിഷിങ്ങും എന്ന വിഷയ മേഖലയിലെ ഒരു പ്രവർത്തനമാണ് ഡിജിറ്റൽ മാഗസിൻ നിർമ്മാണം .കുരുന്നു മനസ്സുകളുടെ സർഗ്ഗാത്മകതയും സാങ്കേതിക തികവും സമന്വയിപ്പിച്ച് കൊണ്ട് തയ്യാറാക്കുന്ന ഈ കലാസൃഷ്ടിയെ ഹൃദയത്തിൽ സൂക്ഷിക്കും എന്ന വിശ്വാസത്തോടെ സമർപ്പിക്കുന്നു .ഒപ്പം കുട്ടികളുടെ സൃഷ്ടികൾക്കു പുറമെ ഇവിടെ സാഹിത്യത്തിന്റെ രചനാ വൈഭവത്തിന്റെ വിസ്മയം തീർത്ത അധ്യാപകർക്കും ,രക്ഷാകർത്താക്കൾക്കും , പൂർവ്വവിദ്യാർത്ഥികൾക്കും,പൊതു ജനങ്ങൾക്കുമൊക്കെ ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അർപ്പിക്കുന്നു .



കൃഷ്ണകുമാർ ബി

കൈറ്റ് മാസ്റ്റർ



മാളവിക എസ്

സ്റ്റുഡന്റ് എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

കൃഷ്ണകുമാർ ബി

കൈറ്റ് മാസ്റ്റർ

## സ്റ്റുഡന്റ് എഡിറ്റർ

മാളവിക എസ്

9E

## സ്റ്റുഡന്റ്സ് സബ് എഡിറ്റേഴ്സ്

| | |
|---|---|
| നന്ദന എ എസ് | 9 G |
| ജഹാന ബി | 9 E |
| അദ്വൈത സേനൻ | 9 E |
| അനുജ സഞ്ജയ് | 9 H |
| ഗോപികൃഷ്ണൻ | 9 G |
| മുഹമ്മദ് ഷിനാസ് | 9 E |
| നവീൻ പ്രസാദ് | 9 E |
| ഗൗതം ആർ | 9 I |

## ആശംസകൾ



അഞ്ചാലുംമൂട് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ ഒരു തരത്തിൽ കൂടി മാതൃകയാകുകയാണ് .ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഡിജി മാഗ് എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ അവർ തയ്യാറാക്കുകയാണ് .ആധുനിക വിദ്യാഭ്യാസ സങ്കല്പം പൂർണ്ണമായും ഉൾക്കൊണ്ട് , ഒരു സ്കൂളിന്റെ സർഗ്ഗ ശേഷി സാദ്ധ്യതകൾ വിവരിക്കുന്നതാണ് ഈ ഡിജിറ്റൽ മാഗസിൻ .ലിറ്റിൽ കൈറ്റ്സിലെ പ്രിയപ്പെട്ട വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുകയാണ് .ഇതിനു നേതൃത്വം കൊടുത്ത അഞ്ചാലുംമൂട് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിലെ എല്ലാ അധ്യാപകർക്കും ,പി ടി എ യ്ക്കും ,വിദ്യാഭ്യാസ വകുപ്പിന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ .

**പ്രൊഫ .സി രവീന്ദ്രനാഥ്**
**വിദ്യാഭ്യാസ മന്ത്രി , കേരളം**

ഇതിന്റെ പൂർണ്ണ വീഡിയോ കാണുവാൻ താഴെയുള്ള ലിങ്കിൽ ക്ലിക്ക് ചെയ്തു ഞങ്ങളുടെ യൂട്യൂബ് ചാനൽ സന്ദർശിക്കുക .

https://www.youtube.com/watch?v=xl25YQ0S6vw

## ആശംസകൾ



### ശ്രീ അൻവർ സാദത്ത്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

കൈറ്റ് കേരള

അഞ്ചാലുംമൂട് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ വളരെ നേരത്തെ മികവാർന്ന പ്രവർത്തനങ്ങളുമായി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധ പിടിച്ചു പറ്റിയിട്ടുള്ളതാണ് .ഹരിത വിദ്യാലയം റിയാലിറ്റി ഷോ ആണെങ്കിലും ,ലിറ്റിൽ കൈറ്റ്സുകളുടെ സംസ്ഥാന തലത്തിൽ മികച്ച സ്കൂളുകളെ തിരഞ്ഞെടുത്തതിലും, ഇപ്പോ പുതുതായുള്ള പ്രവർത്തനങ്ങളാലും സംസ്ഥാനത്തെ പല സ്കൂളുകൾക്കും മാതൃകയാകുന്ന പ്രവർത്തനമാണ് അഞ്ചാലുംമൂട് സ്കൂൾ നടത്തിക്കൊണ്ടിരിക്കുന്നത് .ഏറെ സന്തോഷകരമായ വസ്തുത കൈറ്റിന്റെ നേതൃത്വത്തിൽ തന്നെ നടത്തുന്ന, സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളും അഞ്ചാലുംമൂട് സ്കൂളിൽ പൂർത്തിയായി വരുന്നു .ക്ലാസ് മുറികൾ മുൻപ് തന്നെ ഹൈടെക് ആയി മാറി കഴിഞ്ഞു .ഇങ്ങനെ പൂർണാർത്ഥത്തിൽ പൊതുവിദ്യാഭ്യാസ മേഖല സാങ്കേതിക വിദ്യയാൽ സമ്പുഷ്ടമാകുന്ന പ്രവർത്തനങ്ങൾ നടത്തുന്ന ഈ സ്കൂളിനും ,ലിറ്റിൽ കൈറ്റ്സിനും,ഡിജിറ്റൽ മാഗസിനും എല്ലാ വിധ ആശംസകളും .

ഇതിന്റെ പൂർണ്ണ വീഡിയോ കാണുവാൻ താഴെയുള്ള ലിങ്കിൽ ക്ലിക്ക് ചെയ്യോ ,

ക്യൂ ആർ കോഡ് സ്കാൻ ചെയ്യോ, ഞങ്ങളുടെ യൂട്യൂബ് ചാനൽ സന്ദർശിക്കുക .

https://www.youtube.com/watch?v=n3usWDBqxgk

# ആശംസകൾ



## ശ്രീ റെനി ആന്റണി

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കോഓർഡിനേറ്റർ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്കൂളാണ് അഞ്ചാലുംമൂട് സർക്കാർ ഹയർ സെക്കന്ററി സ്കൂൾ .അഞ്ചു കോടി രൂപ ചിലവഴിച്ച ഹൈടെക് സംവിധാനത്തോട് കൂടിയുള്ള ക്ലാസ്സ്മുറികളുള്ള വലിയ കെട്ടിടം അതിന്റെ നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണ് .വിവിധ അക്കാദമിക പ്രവർത്തനത്തിലൂടെ മുൻപ് തന്നെ ഈ സ്കൂൾ ജന ശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ട് .ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ജില്ലക്കാകെ തന്നെ അഭിമാനമാണ് .വളരെ വൈവിധ്യവും നൂതനവുമായ പ്രവർത്തനങ്ങളാണ് ലിറ്റിൽ കൈറ്റ്സ് കാഴ്ചവയ്ക്കുന്നത് .ഇപ്പോൾ നടപ്പിലാക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ ഇത്തരത്തിൽ വളരെ മികവുറ്റ ഒരു പ്രവർത്തനമാണ് .അതിനു എല്ലാവിധ ആശംസകളും നേരുന്നു.

ഇതിന്റെ പൂർണ്ണ വീഡിയോ കാണുവാൻ താഴെയുള്ള ലിങ്കിൽ ക്ലിക്ക് ചെയ്തു ഞങ്ങളുടെ യൂട്യൂബ് ചാനൽ സന്ദർശിക്കുക .

https://www.youtube.com/watch?v=5Q2NYNVstic

# ആശംസകൾ



നമ്മുടെ വിദ്യാലയത്തിന് എന്നും വിജയങ്ങളുടെ മുഴക്കാപ്പ് ചാർത്തി തരുന്ന ലിറ്റിൽ കൈറ്റ്സിന്റെ മറ്റൊരു ചുവടുവയ്പ്പാണ് ഡിജി മാഗ് എന്ന ഈ ഡിജിറ്റൽ മാഗസിൻ .നമ്മുടെ സ്കൂളിന് ലഭിച്ച ഹൈടെക് ഉപകരണങ്ങളെ നമ്മുടെ കുട്ടികൾ എത്ര മാത്രം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു എന്നുള്ളതിന്റെ നേർ സാക്ഷ്യമാണ് ഈ മാഗസിൻ .ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും വിശിഷ്യാ ടീം ലിറ്റിൽ കൈറ്റ്സിനും എന്റെ എല്ലാവിധ ആശംസകളും നേരുന്നു .

സലീന ബീവി എച്ച്

ഹെഡ്മിസ്ട്രസ്

ജി എച്ച് എസ് എസ് അഞ്ചാലുംമൂട്

# ആശംസകൾ

കാലത്തിനൊപ്പം നവോഥാനത്തിനു പാതയൊരുക്കുകയാണ് അഞ്ചാലുംമൂട് ലിറ്റിൽ കൈറ്റ്സ് .ചിന്തയിലും ,പ്രവർത്തിയിലും സാങ്കേതികതയുടെയും ,ആധുനികതയുടെയും ഉത്തമാംശങ്ങൾ നിറച്ചു ,പുതിയ കാലത്തിന്റെ പതാക വാഹകരാകുവാൻ ലിറ്റിൽ കൈറ്റ്സിനു കഴിയുന്നു .താളിൽ പതിച്ചിരിക്കുന്ന ക്യു ആർ കോഡ് എന്ന രേഖാചിത്രത്തിലൂടെ കടന്നു ചെന്ന് ശ്രീ അൻവർ സാദത്തിനെ പോലെയുള്ളവരുടെ വാക്കുകൾ വിശ്വൽ രൂപത്തിൽ കാണുന്ന അതി നൂതനമായ സാങ്കേതികാശങ്ങൾ ഇവിടെ പരീക്ഷിച്ചിരിക്കുന്നു .സിരകളെ ത്രസിപ്പിക്കുന്ന ,നാടിനെ ചൈതന്യവത്താക്കുന്ന ഉണർവിന്റെ സങ്കീർത്തനങ്ങൾക്കു ,സാങ്കേതികതയുടെ ചൈതന്യ ധാരക്ക് ,ഉദാത്തമായ നേതൃപാടവത്തിനു ഹൃദയം നിറഞ്ഞ ആശംസകൾ .



അഡ്വ .എം എസ് ഗോപകുമാർ

കൗൺസിലർ

അഞ്ചാലുംമൂട് ഡിവിഷൻ

കൊല്ലം കോർപ്പറേഷൻ

# ആശംസകൾ

ഒരു മികച്ച വിദ്യാലയത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മാതൃകയാണ് ലിറ്റിൽ കൈറ്റ്സിന്റെ സംഘാടനത്തിൽ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ .കുരുന്നു മനസ്സുകളുടെ ഭാവനയെ ദീപ്തമാക്കുവാനും അതിന്റെ ശോഭ ഉദാത്തമായ സാമൂഹിക സൃഷ്ടിക്ക പ്രാപ്തമാക്കുവാനും ഇത്തരം പ്രവർത്തനങ്ങൾക്ക് കഴിയും .വാക്കുകൾക്കതീതമായ ആശംസകൾ .സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ പട്ടികയിൽ പ്രഥമ സ്ഥാനം അലങ്കരിക്കുവാനുള്ള പ്രയാണത്തിൽ നമ്മുടെ സ്കൂളിന് ഒരു മുതൽക്കൂട്ടാണ് ഈ മാഗസിൻ .



ലിബുമോൻ ജി

പി ടി എ പ്രസിഡന്റ്

# ആശംസകൾ

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേട്ടങ്ങളുടെ പട്ടികയിൽ മറ്റൊരു പൊൻ തൂവലാണ് ഈ മാഗസിൻ .കുട്ടികളുടെ സർഗ്ഗ സൃഷ്ടികൾ അർഹിക്കുന്ന പ്രാധാന്യത്തോടെ ,സാങ്കേതിക മികവോടെ ആവിഷ്കരിക്കുവാൻ ഡിജി മാഗിന് സാധിച്ചിരിക്കുന്നു .വൈവിധ്യമാർന്ന കൗതുകകരമായ അറിവുത്സവത്തിനു ,ലിറ്റിൽ കൈറ്റ്സിന്റെ അനുകരണീയമായ നേതൃപാടവത്തിനു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ .



അഡ്വ.ബൈജു

എസ് എം സി ചെയർമാൻ

# ആശംസകൾ



അഞ്ചാലുംമൂട് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധ നേടിയിട്ടുണ്ട് .കുട്ടികളുടെ സർഗ്ഗ സൃഷ്ടിയെ സാങ്കേതിക തികവോടെ അവതരിപ്പിച്ച എന്നതിനൊപ്പം തന്നെ മലയാളഭാഷയുടെ മൂല്യം കൂടി ഉയർത്തിപിടിക്കുവാൻ ഈ മാഗസിന് കഴിഞ്ഞിട്ടുണ്ട് .അർഹിക്കുന്ന അംഗീകാരം ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു .എല്ലാ ആശംസകളും

എം ഉഷ

പ്രിൻസിപ്പൽ

ജി എച്ച് എസ് എസ് അഞ്ചാലുംമൂട്

# ആശംസകൾ

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വളരെ മികച്ച രീതിയിലായിരുന്നു.ലിറ്റിൽ കൈറ്റ്സിന്റെ അടുത്ത മുന്നേറ്റമാണ് ഡിജി മാഗ് എന്ന ഈ ഡിജിറ്റൽ മാഗസിൻ.നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകമായ കഴിവുകളുടെ നേർപതിപ്പ് തന്നെയാണ് ഈ മാഗസിൻ.

കുട്ടികൾ ആർജ്ജിച്ച സാങ്കേതികമായ അറിവുകൾ ഈ മാഗസിനിലൂടെ പുറത്തു വരുകയാണ്. ഡിജി മാഗ് എന്ന ഈ ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.



രജനി കൃഷ്ണകുമാർ

എം പി ടി എ പ്രസിഡന്റ്

## ഗവണ്മെന്റ് ഹയർസെക്കന്ററി സ്കൂൾ , അഞ്ചാലുമൂട്
## പെരിനാട് P O, കൊല്ലം

നഗരത്തിന്റെ ത്രപഭാവങ്ങളും, ഗ്രാമത്തിന്റെ മനസുമുള്ള അഞ്ചാലുംമൂടിന്റെ സാമൂഹിക സാംസ്കാരികോന്നമനത്തിന്റെ അടിത്തറയാണ് 'അഞ്ചാലുംമൂട് ഹയർ സെക്കന്ററി സ്കൂൾ' എന്ന സർക്കാർ വിദ്യാലയം. സാമൂഹിക സാംസ്കാരിക രാഷ്ട്രീയരംഗങ്ങളിലെ അറിയപ്പെടുന്ന നിരവധി വ്യക്തിത്വങ്ങളേ ത്രപപ്പെടുത്തിയ ഈ സരസ്വതീ ക്ഷേത്രം സ്ഥാപിതമായിട്ട്നൂറ്റിയെഴുപതോളം വർഷമായിരിക്കുന്നു.

നാട്ടുപ്രമാണിയും വിശാലമനസ്കനുമായിരുന്ന ശ്രീ. പാലിയഴികത്തു നാരായണപിള്ളയുടേയും കുടുംബാംഗങ്ങളുടെയും താല്പര്യത്തിൽ 1847-ൽ സ്ഥാപിതമായതാണ് ഈ സാംസ്കാരികകേന്ദ്രമെന്ന് കരുതപ്പെടുന്നു. തുടക്കത്തിൽ ഇതൊരു ഏകാദ്ധ്യാപകവിദ്യാലയം മാത്രമായിരുന്നു. 1905-ൽ സർക്കാർ അധിനതയിലുള്ള പ്രൈമറി വിദ്യാലമായും 1963-ൽ ഹൈസ്കൂൾളായും ഈ വിദ്യാലയം വളർച്ചയുടെ നാൾവഴികൾ പിന്നിട്ടു. 1996-ൽ ഹയർസെക്കന്ററി വിഭാഗം കൂടി അനുവദിക്കപ്പെട്ടതോടെ സ്കൂൾ അതിന്റെ പുരോഗതിയുടെ പാതയിൽ വലിയൊരു ലക്ഷ്യം കൈവരിക്കുകയാണ് ചെയ്യുത്.



കവിത

# അച്ഛനും അമ്മയും

അമ്മതന് മാറത്തു പറ്റിക്കിടക്കുമ്പോ-
ളാശ്വാസത്തിന്നതിരില്ലാ.
അച്ഛന്റെ മടിയിലിരിക്കുംനേര-
ത്തഭിമാനത്തിന്നളവില്ല!
അന്തിക്കു പൂനിലാവുണ്ടായിത്തീരുന്ന്-
തമ്മിഞ്ഞപ്പാലിൽ നിന്നാണല്ലോ
അന്തിക്കു മാനത്തുമിന്നുന്ന നക്ഷത്ര-
മമ്മതൻ കണ്ണുനീരാണല്ലോ!



അമ്മതൻ മാറത്തുപറ്റിക്കിടക്കുമ്പോ-
ളാശ്വാസത്തിന്നതിരില്ലാ
അച്ഛന്റെ മടിയിലിരിക്കുംനേര
ത്തഭിമാനത്തിന്നളവില്ല!

പുലർകാലത്തിളവെയിലുന്നതച്ഛന്റെ-
പുഞ്ചിരിയിങ്കൽനിന്നാണല്ലോ
ഉച്ചയ്ക്കാവെയിലിന്നുചൂടുണ്ടായ്ത്തീരുന്ന-
തച്ഛന്റെ ചിന്തകൊണ്ടല്ലോ!



സജിൻ രാജ്
8 D

# തൂവൽ സ്പർശം

എന്നമ്മ തൻ
തൂവൽസ്പർശമായി
ആ തലോടൽ
എന്നിൽ ഒരു
പുഴയായി ഒഴുകിടുന്നു
അമ്മതൻ കണ്ണൊന്നു നിറഞ്ഞാൽ
എൻ മനസ്സിൽ കണ്ണീരിൻ
തിരയടിക്കുന്നു , അമ്മതൻ
പൊൻ മടിത്തട്ടിൽ
ചാഞ്ഞുറങ്ങുമ്പോൾ
അറിയാതെ എൻ മനം
തുളുമ്പിടുന്നു .
എന്നമ്മ തൻ മനസ്സെത്ര



പുണ്യം .......
ആ പുണ്ണ്യ മനസ്സിനെ
തൊട്ടറിയാൻ കഴിഞ്ഞാൽ
എൻ ജന്മം എത്ര
സുന്ദരം !!
ഹാ .. എത്ര സുന്ദരം ....



- ജഹാന ബി
9 E

# അമ്മേ നിനക്കായി..........


പ്രകൃതിതൻ സൗന്ദര്യമായ്
ചിലയ്ക്കും കിളികളായ്
പൂക്കളുടെ ഗന്ധമായ്
അരുവികളുടെ താളമായ്
നിൽക്കുമീ പ്രകൃതി
നീ എത്ര മനോഹരീ.........
മുത്തുകളായ്, പൊഴിയുന്ന മഴയായി
പൂപോലുയരും മണ്ണിൽ
ഗന്ധമായ്,ഇളങ്കാറ്റിലാടുന്ന മരത്തിൽ
ചില്ലയായ്, പൂക്കളിൽ
നിറയുന്ന മധുവായ് തേൻ വണ്ടുകൾ
തേടുന്ന മലരായ് നിൽക്കുന്ന പ്രകൃതി
നീ എത്ര മനോഹരീ........



**അനിരുദ്ധ് ശ്യാം**

**9 E**

# കുട്ടികളുടെ സ്വന്തം ചാച്ചാജി



ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന മഹാനായ ജവഹർ ലാൽ നെഹ്റു . അദ്ദേഹത്തിന് കുട്ടികളെ വളരെ ഇഷ്ടമായിരുന്നു. വലിയ തിരക്കുകൾക്കിടയിലും അദ്ദേഹം കുട്ടികളെ ചിരിപ്പിക്കുകയും രസിപ്പിക്കുകയുമൊക്കെ ചെയ്യുമായിരുന്നു. കുട്ടികൾ അദ്ദേഹത്തെ സ്നേഹത്തോടെ ചാച്ചാജി എന്നാണ് വിളിച്ചിരുന്നത് . ഒരിക്കൽ അദ്ദേഹം ഒരു അനാഥാലയത്തിൽ എത്തി. ചാച്ചാജിയെ കണ്ടതും കുട്ടികളെല്ലാം സന്തോഷത്തോടെ ചുറ്റുംകൂടി. അപ്പോഴാണ് ഒരു കുട്ടി മാത്രം എന്തിനോ പിണങ്ങിമാറി നിൽക്കുന്നത് അദ്ദേഹം കണ്ടത് . ചാച്ചാജി ആ കുട്ടികളുടെ അടുത്ത് ചെന്ന് ഓരോന്ന് പറഞ്ഞ് രസിപ്പിക്കാൻ നോക്കി. എത്ര ശ്രമിച്ചിട്ടും ആ കുട്ടി ചാച്ചാജിയെ നോക്കി ഒന്നു ചിരിച്ചതുപോലുമില്ല. അപ്പോൾ ചാച്ചാജി മേശപ്പുറത്തു നിന്ന് ഒരു ചീപ്പ് എടുത്തു. എന്നിട്ട് തൊപ്പിയിൽ ചീപ്പ് കൊണ്ട് തലചീകുവാൻ തുടങ്ങി. അതു കണ്ടതും ദേഷ്യക്കാരനായ ആ കുട്ടി പൊട്ടിച്ചിരിച്ചുപോയി!ഹാ ഹാ ഹാ! കുട്ടി ചിരിച്ചുപോയത് എന്താണെന്നൊ? മുടിയില്ലാത്ത കഷണ്ടിത്തലയിലാണ് ചാച്ചാജി ചീപ്പ്കൊണ്ട് ചീകിയത് ..!

കുട്ടികളെ ഇത്രയേറെ ഇഷ്ടമുള്ള ചാച്ചാജിയുടെ ജന്മദിനമായ നവംബർ 14 ആണ് നാം ശിശുദിനമായി ആഘോഷിക്കുന്നത് . തോട്ടത്തിലെ പൂമൊട്ടുകൾ പോലെയാണ് കുട്ടികൾ. അവരെ ശ്രദ്ധയോടെയും സ്നേഹത്തോടെയും പരിപാലിക്കണം.കാരണം അവർ രാഷ്ട്രത്തിന്റെ ഭാവിയും നാളയുടെ പൗരരുമാണ് .



അനൂപ്
9 E

# ദുഷ്ടന്മാരായ സേവകർ

ഒരു വൃദ്ധയായ സ്ത്രീയ്ക്ക് രണ്ടു വേലക്കാരുണ്ടായിരുന്നു. വൃദ്ധ എന്നും അതിരാവിലെ ഉണരും. അവരുടെ വീട്ടിൽ ഒരു പൂവൻകോഴി ഉണ്ടായിരുന്നു. ആ കോഴി കൂവുമ്പോഴാണ് വൃദ്ധ ഉണർന്ന് വേലക്കാരെ വിളിച്ചുണർത്തുക. നേരത്തെ ഉണർന്ന് ജോലി ചെയ്യുന്നതിൽ വേലക്കാർക്ക് അമർഷമുണ്ടായിരുന്നു. അവർ കരുതി കോഴി കൂവുന്നത് കേട്ടാണ് വൃദ്ധ ഉണരുന്നത് എന്നാൽ ആ കോഴി ഇല്ലാതായാൽ വൃദ്ധ ഉണരില്ല. നമ്മെ ഉണർത്താൻ എത്തുകയുമില്ല.അങ്ങനെ ഒരു ദിവസം രണ്ടുപേരും കൂടി വൃദ്ധയുടെ കോഴിയെ കൊന്നു കളഞ്ഞു. അന്ന് രാത്രി അവർസന്തോഷത്തോടെ ഉറങ്ങി. പക്ഷേ പിറ്റേ ദിവസം കോഴി കൂവുന്ന നേരം വൃദ്ധയതാ അവരുടെ മുന്നിൽ. ദുഷ്ടന്മാരായ സേവകരുടെ അവസ്ഥ മുമ്പത്തേക്കാൾ കഷ്ടമായി.

**ഗുണപാഠം: ശരിയല്ലാത്ത പരിഹാരം പ്രശ്നം വഷളാകും**



**- അലീന**

7 E

# ഇന്ത്യയിൽ ആദ്യത്തേത്

1. ആദ്യത്തെ ഇന്ത്യൻ പ്രസിഡന്റ് - ഡോ. രാജേന്ദ്രപ്രസാദ്
2. ആദ്യത്തെ ഇന്ത്യൻ വൈസ് പ്രസിഡന്റ് - ഡോ.എസ്. രാധാകൃഷ്ണൻ
3. ആദ്യത്തെ ഇന്ത്യൻ പ്രധാനമന്ത്രി - ജവഹർലാൽ നെഹ്റു
4. ആദ്യത്തെ ഇന്ത്യൻ ചീഫ് ജസ്റ്റിസ് - ഹരിലാൽ ജെ.കാനിയ
5. ആദ്യത്തെ ഇന്ത്യൻ പാർലമെന്റ് സ്പീക്കർ – ജി.വി. മൗലങ്കാർ
6. ആദ്യത്തെ ഇന്ത്യൻ ശൂന്യാകാശസഞ്ചാരി - രാകേഷ്ശർമ്മ
7. ആദ്യത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റ് - ഡബ്ല്യൂ.സി.ബാനർജി
8. ആദ്യത്തെ ഇന്ത്യൻ നോബൽ സമ്മാന ജേതാവ് - രവീന്ദ്രനാഥടാഗോർ
9. ആദ്യത്തെ ഇന്ത്യൻ ആണവനിലയം - താരാപ്പൂർ
10. ആദ്യത്തെ ഇന്ത്യൻ പത്രം - ബംഗാൾ ഗസ്റ്റ്
11. ആദ്യത്തെ ഇന്ത്യൻ അണുപരീക്ഷണം - പൊഖ്റാൻ
12. ആദ്യത്തെ ഇന്ത്യൻ കൃത്രിമോപഗ്രഹം - ആര്യഭട്ട
13. ആദ്യത്തെ ഇന്ത്യൻ റെയിൽവേ - ബോംബെ-താന
14. ആദ്യത്തെ ഇന്ത്യൻ ഇലക്ട്രിക്ക് ട്രെയിൻ - ഡെക്കാൻ ക്വീൻ
15. ആദ്യത്തെ വനിതാ ഹൈക്കോടതി ജഡ്ജി - അന്നാചാണ്ടി



- ഇഷ

8 F

# കേരളവും ഇൻഡസ്ട്രി 4.0 യും




ഒരു സാങ്കേതിക വിപ്ലവത്തിന്റെ വക്കിലാണ് നാം ജീവിക്കുന്നതും പ്രവർത്തിക്കുന്നതും. ഒന്നുംഒന്നിനോടും സാദൃശ്യപ്പെടുത്തുവാൻ കഴിയാത്തവിധം ലോകം വളർന്നിരിക്കുകയാണ് . ഈ വളർച്ച ചെറു ഗ്രാമങ്ങളിൽ പോലും കാണാൻ കഴിയും. ഇൻഡസ്ട്രിയൽ റെവല്യൂഷൻ 4.0 എന്ന തലത്തിലേക്ക് വളർന്നപ്പോൾ നമ്മുടെ ചുറ്റുപാടും നടന്ന വികസനങ്ങൾ പ്രകൃതിക്ക് പര്യാപ്തമായിരുന്നോ? പ്രകൃതിയോട് ഇണങ്ങി നിൽക്കുന്ന വികസനമാണ് നമുക്ക് വേണ്ടത് . 2004 ൽ ലോകത്തെ നടുക്കിയ സുനാമിയിൽ ഏറെ നാശനഷ്ടങ്ങൾ ഏറ്റുവാങ്ങിയ ജപ്പാൻ എന്ന രാജ്യം തങ്ങളുടെ വിപുലമായ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയാണ് അവർ സ്വന്തം രാജ്യത്തെ പുനർനിർമ്മിച്ചത് . ദൈവത്തിന്റെ സ്വന്തം നാടെന്ന പുകൾപ്പെറ്റ കേരളം 2018 ആഗസ്റ്റിൽ നേരിട്ട പ്രതിസന്ധി അതി ഭീകരമാണ് . പ്രകൃതിയോടിണങ്ങി നിൽക്കുന്ന വികസനം എന്ന പേരിൽ നമ്മുടെ സംസ്ഥാനത്ത് നടത്തിയ പ്രവർത്തനങ്ങൾ പ്രകൃതിയെ തിരസ്കരിക്കുന്നതായിരുന്നു. “നവകേരളംനിർമ്മിതിയിലേക്ക് കാൽച്ചുവടുറപ്പിക്കുന്ന നാം വ്യാവസായിക വിപ്ലവം 4.0 ത്തിലേക്കു കൈമാറുന്നതിനും രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും ഇവ സഹായകമാണ് ". 'റോയ' എന്നത് കേരളത്തിന്റെ പുതിയ പ്രതീക്ഷയാണ്.



\- ആദിത്യൻ സതീഷ് 9 E

# ഇരുട്ടിൽ അമരുന്നിതാ ഞാൻ

കിളിപാടിയുണർത്തിയ മലയാളത്തിൻ
മക്കളുടെ ഈ എഴികളിൽ നിന്നും
ഈ മറവുകളിൽ നിന്നും ഈ ഇരുട്ടിൽ നിന്നും
പാവമീക്കിളിമോചിതയാകുമോ ?

തേടുകയാണിന്നിവർ എനിക്കായി
വന്നീടുമോ എൻ മിത്ര ഇവിടേക്ക് ?
ചിറകടിച്ചുയരുന്നിതാ വാനോളമെന്നത്
ഇന്നെൻ ചിത്തത്തിൻ സ്വപ്നം മാത്രം.

വാരിവിതറുന്ന പല വർണ്ണങ്ങൾ
പെയ്തൊഴിയുന്ന വർഷമായി
സന്ധ്യായാമത്തിൻ ചാരുത വിതറുന്ന
ഹരിതാഭവാം പ്രകൃതി.

എന്നാൽ എൻ കണ്ണിൻ ശനികാലം
അകന്നീടുന്നു ഇവയെല്ലാം എന്നിൽ നിന്നും
നീയാമകൻ കൈയൊഴിഞ്ഞ വെറും കിളി -
മകൾ കൂട്ടിലടയ്ക്കപ്പെട്ട വെറും കിളിമകൾ

എന്തിനീ ചിറകുകൾ എനിക്ക് ?
എന്തിനീ വർണ്ണ ഭംഗികൾ ?
എല്ലാം നഷ്ടപ്പെട്ടവൾ, ഈ ഭൂവിൽ
ഞാനൊരു പാഴ്ജന്മം മാത്രം.

പഴങ്ങൾ തൻ മാധുര്യം നുണഞ്ഞു,
ശത്രുവിനെ ഭയത്തിലാഴ്ത്തി,
കളിച്ചുനടന്നു മിത്രങ്ങളുമായി
അത് എൻ സ്വർഗ്ഗകാലം
അത് എൻ സ്വർഗ്ഗകാലം

ഇരുട്ടിലേക്കാഴുന്ന ലോകത്തിൻ
മറ്റൊരിരുട്ടിലേക്ക് ഞാൻ അമരുന്നു
ക്രൂരമുഖങ്ങളാം മനുഷ്യർ സഹജീവികൾ
തൻ വ്യഥ കാണുകയില്ല.
സ്വർഗ്ഗ ഭൂമിയെ നരഗമാക്കീടുന്നു
അവർ പിടിച്ചുലയ്ക്കുന്നു, അവർ -
ഈ ഗോളത്തെ ഉയർത്തുന്നു ബഹു -
നില കെട്ടിടങ്ങൾ ആഴ്ത്തീടുമോ ഇവിടം
ചുഴികളിൽ.
ജീവിതമാകുന്ന സ്വപ്ന കഥയിലെ
ഇരുട്ടിൻ ഗുഹകളിൽ ഞാനിന്ന്
പാപമോചിതയാകുമോ നിയാമക -
നെന്നെ പറന്നീടണമെനിക്ക്.
എങ്ങോട്ടാണീ ഉലകമിന്ന് ?
കൂട്ടിൽ അകപ്പെടുന്നു എന്നെപോലെ നൂറുപേർ
അറിയുന്നീല മനസ്സിൻ വ്യഥ
ഈ മർത്ത്യർ തൻ പക്ഷം ശരിയെന്നു
വാദിക്കുന്നു.
കാടും മേടും പുഴയും താണ്ടി,
ചതുർവിധ രസവും നുണഞ്ഞ്,
ചില്ലകൾ മാറി മാറി കളിപ്പാൻ
എനിക്കു കൊതിയേറുന്നു.
തൃപാദങ്ങളിൽ നമിക്കുന്നു ഞാൻ,
വിശ്വരൂപാ കൺതുറപ്പിക്കണെ
പ്രകൃതിയിലേക്കെന്നെ......



- വിനോദ് റോയി
പ്രാക്കുളം

# കലാമിന്റെ വാക്കുകൾ



1.സ്വപ്നം കാണുക ആ സ്വപ്നങ്ങളെക്കുറിച്ച് ചിന്തിക്കുക ആ ചിന്തകളെ പ്രവർത്തയിലൂടെ സഫലമാക്കുക.

2.വിജയം ആസ്വാദ്യകരമാകണമെങ്കിൽ പ്രയാസങ്ങൾ ആവശ്യമാണ്.

3.ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം

4.ഒരു രാഷ്ട്രത്തിലെ നല്ല തലച്ചോറുകൾ

ഒരു പക്ഷെ ക്ലാസ്സുറികളിലെ.........

അവസാന ബെഞ്ചുകളിലായിരിക്കും.........



- നിത്യ

9 E

# കരയുന്ന പാവക്കുട്ടികൾ



ഒരു ചെറുപുഞ്ചിരി ഞാൻ ഇങ്ങനെ
കാലമൊക്കെ കടന്നു പോയി
ഒരു നാൾ ഞാനും ചിരിക്കും
പക്ഷെ കാലമതനുവദിക്കുന്നില്ല!
ഈ ലൊകത്തുനിന്നും രക്ഷപ്പെട്ടാലോ
എന്ന് ഞാൻ ചിന്തിച്ചു,
പക്ഷെ എന്റെ പെറ്റമ്മയെയോർത്തു ഞാൻ
അത് ചെയ്യതില്ല.
കരയുന്ന പാവയാണ് ഞാൻ ഇപ്പോൾ
ചിരിക്കാൻ എനിക്കു കഴിയില്ലയോ?
കാലമേ പറയൂ, ഈ ചോദ്യത്തിനൊരു
ഉത്തരം നൽകൂ!
ഈ ലോകമ്മിപ്പോൾ ചീത്തയാണു,
ഈ ലോകം നശിക്കുകയാണ്!
ഒന്നും അറിയാതെ കുറേ പിഞ്ചുകുഞ്ഞുങ്ങൾ

എന്തിനാ ഞങ്ങളോടു ഈ ക്രൂരത ചെയ്യുന്നത്?

ഈ കരയുന്ന പാവയെ ചിരിപ്പിക്കാൻ

നിങ്ങൾക്കു കഴിയില്ലയോ?

കഴിയും നമ്മൾ ഒരുമ്മിച്ച നിന്നാൽ

കഴിയും.

ഒന്നായി നിൽക്കണം ഒന്നായി പോരാടണം

ഈ ക്രൂരതയെല്ലാം കഴുകിനീക്കണം

എങ്കിലെ ആ പഴയ പുഞ്ചിരി

തിരികേ ലഭിക്കൂ!



-ദേവനന്ദ അജയ്

7 D

# <u>ഉണരേണം മലയാളി</u>



ദ്രാവിഡൻ തൻ മകളായ മലയാളം,
തേൻ മാധുര്യം തുളുമ്പുന്ന മലയാളം
കളകള നാദത്തിൻ തിരയോളം
സംസ്കൃതിതൻ അമ്മ മലയാളം
മണിപ്രവാളമായി കേട്ടിരിക്കാം
വ്യാകരണം ഭയപ്പെടുത്തിയിരിക്കാം
മിത്രമായെന്നും അരികിലിരിക്കാം
കിളിപാടിയുണർത്തിയ മലയാളം
മുത്തുപോൽ പാണനാരുടെ  മലയാളം
മലനാട്ടിൽ ഉയർന്നിതാ മലയാളം
എവിടെ മക്കളെ മലയാളത്തിൻ പരിശുദ്ധി ?
മൺമറഞ്ഞുവോ അത് നമ്മളിൽ നിന്നും ?
തന്നീടുമോ നിയാമകനതു തിരികെ ?
സ്വീകരിക്കുമോ അത് നാം ?
വൈദേശ സംസ്കൃതിതൻ കീഴിലമരുന്ന
മലയാളത്തിൻ വ്യഥ ആരുകണ്ടു
പുച്ഛിക്കുന്നിതാ നാം നിന്ദിക്കുന്നു -
നമ്മെ വളർത്തിയ മലയാളത്തെ,
നമ്മെ പുകഴ്ത്തിയ മലയാളത്തെ,
നമ്മെ വാഴ്ത്തിയ മലയാളത്തെ.
ആംഗലേയമോ നമ്മുടെ അമ്മ,
എന്തിനു പുകഴ്ത്തുന്നു വാനോളം
തെറ്റില്ല അതിൽ എന്നാൽ -
നിന്ദിക്കരുതേ മലയാളത്തെ
വാഴുന്നിതാ നാം മംഗ്ലീഷ് യുഗത്തിൽ
വാഴുന്നു വിരാട മലയാളികളായി
മൃത്യുവേ ഭേദം മർത്ത്യരേ.......

മലയാളത്തോടിച്ചതിയെന്തിന് ?
നവദീപം പകരുന്ന പുതുതലമുറേ.....
വലിച്ചു കീറരുതെ അമ്മയെ
ആട്ടി അകറ്റരുതെ അമ്മയെ
ബാഹ്യത്തിൽ സൗന്ദര്യം കാട്ടുന്ന വൈദേശികർ
തന്നീടും അനുഭവം കാഞ്ഞിരം പോലെ
ഹൃദയാവർജകമായീടും അത്
ഉണരു മകളെ മലയാള മകളെ
തിരിതെളിക്കു മലയാളത്തിൻ പുനർജന്മം
നെഞ്ചിലേറ്റു പരിശുദ്ധയാം മാതയെ
സ്നേഹിച്ചീടു നിൻ ആത്മാവായി.

**- ആവണി വി റോയി**

**(പൂർവ്വ വിദ്യാർത്ഥി)**



# കുസൃതി ചോദ്യങ്ങൾ



# വെളുക്കുന്തോറും വൃത്തികേടാകുന്നത് ?

ബ്ലാക്ക് ബോർഡ്

# ശബ്ദമുണ്ടാക്കിയാൽ പൊട്ടുന്ന ലെൻസ് ?

സൈലൻസ്

# സുഖത്തിലും ദുഖത്തിലുമുള്ളത് ?

'ഖ'

# ഒറ്റയ്ക്ക് സംഘഗാനം പാടാൻ കഴിയുന്ന വ്യക്തി?

രാവണൻ

# അടിക്കും തോറും നീളം കുറയുന്നത് ?

ആണി

# പാലത്തിലൂടെ നടക്കുന്ന ഒരാളുടെ കണ്ണ് എവിടെയായിരിക്കും?

മുഖത്ത്

# പേരു പറഞ്ഞു കരയുന്ന ജീവി?

കാക്ക



- ആദർഷ്

9 E

# മോളിയുടെ പ്രിയപ്പെട്ട ആന



ഒരിടത്ത് ഒരു മോളി എന്ന പെൺകുട്ടിയുണ്ടായിരുന്നു. ആ കുട്ടിക്ക് മൃഗങ്ങളെ വളരെ ഇഷ്ടമായിരുന്നു. ഒരു ദിവസം മോളി സ്കൂളിൽ പോകുന്ന വഴിയിൽവച്ച് ഒരു ആനയെ കണ്ടു. ആന മരത്തിന്റെ ചുവട്ടിൽ തളർന്ന് കിടക്കുകയായിരുന്നു. മോളിയ്ക്ക് അതുകണ്ടിട്ട് വളരെ വിഷമമായി അവൾ വേഗംപോയി താഴെ വീണുകിടക്കുന്ന ഓലകൾ ആനയുടെ വായിലേക്ക് വച്ചുകൊടുത്ത്. ആന മുഴുവനും കഴിച്ചു. മോളി ആനയോട് പറഞ്ഞു എനിക്ക് സ്കൂളിൽ പോകാൻ സമയമായി പിന്നെ കാണം. അങ്ങനെ മോളി സ്കൂളിലേക്ക് പോയി. 3.30 ന് സ്കൂൾ വിട്ടു മോളി നോക്കിയപ്പോൾ ആന മരത്തിന്റെ ചുവട്ടിലില്ല അവൾക്ക് വളരെ വിഷമമായി അവൾ കരഞ്ഞുകൊണ്ട് വീട്ടിലേക്ക്പോയി ആന മോളിയുടെ വീടിന്റെ മുൻപിൽ നില്ലുകുന്നു. അങ്ങനെ ആനയും മോളിയും വളരേ നല്ല കൂട്ടുകാരായി.



-അമൃതാരാജു

5-B

## <u>എൻെറ വിദ്യാലയം</u>
## <u>എൻെറ അദ്ധ്യാപകർ</u>
## <u>എൻെറ സുഹൃത്തുക്കൾ</u>




ഇത് വായിക്കുന്ന വായനക്കാർക്ക് എൻെറ വിനീതമായ നമസ്കാരം.ഈ തലക്കെട്ടിൽ എൻെറ വിദ്യാലയം എന്ന് സൂചിപ്പിക്കുന്നത് ഏത് സ്കൂളിനെയാണെന്ന് അറിയെണ്ടേ..പറയാം. കേരളത്തിലും കൊല്ലം ജില്ലയിലും നല്ല പേരെടുത്ത കൊല്ലം ജില്ലയുടെ അഭിമാനമായ എൻെറ സ്വന്തം വിദ്യാലയം ആണ് ജി.എച്ച് .എസ്സ് എസ്സ് അഞ്ചാലുംമൂട്. ഞാൻ ഇതുവരെ പഠിച്ചതിൽ വച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ടതുമായ വിദ്യാലയം.ഇത് വെറും ഒരു സ്കൂൾ മാത്രമല്ല,അറിവിൻെറ കുടുംബമാണ് . ഞങ്ങളുടെ ഈ കുടുംബത്തിലെ ഓരോ വിദ്യാർത്ഥികളും ഓരോ കുട്ടികളും , ഓരോ അദ്ധ്യാപകരും ഓരോ രക്ഷിതാക്കളും ആണ്.



ഞങ്ങളുടെ ഈ വീട്ടിലെ ഗൃഹനാഥ രണ്ടു പേരാണ് . ഒന്ന് ഞങ്ങളുടെ സ്വന്തം എച്ച് എം , മറ്റൊരാൾ ഞങ്ങളുടെ പ്രിയപ്പെട്ട പ്രിൻസിപ്പൾ ഉഷ ടീച്ചർ.

ഈ കുടുംബത്തിലെ രക്ഷിതാക്കളായ അദ്ധ്യാപകർ ഞങ്ങൾ കുട്ടികളെ

ശിക്ഷിക്കാറുമുണ്ട് . ഉപദേശിക്കാറുമുണ്ട് . നല്ല നല്ല ജീവിത ഗുണപാഠങ്ങൾ പഠിപ്പിക്കാറുമുണ്ട് . ഈ ഒറ്റ കുടുംബത്തിലെ അംഗങ്ങൾ എല്ലാം ഒരുമിച്ച് ഒരുവീട്ടിൽ കഴിയാൻ അൽപം ബുദ്ധിമുട്ടാണ് . അതുകൊണ്ടാവാം ഒരു പക്ഷേ ഞങ്ങളെ ഓരോരോ വീട്ടിലായി മാറ്റിയത് . ഓരോ വീട്ടിലും ഓരോ രക്ഷിതാവിനെയും തന്നു.ആ ഓരോ

വീടാണ് ഞങ്ങളുടെ ക്ലാസ്റൂമുകൾ,ആ ഓരോ രക്ഷിതാവാണ് ഓരോ

ക്ലാസ്ടീച്ചേഴ്സ് . അതിൽ എൻെറ വീടാണ് 9 E,ഞങ്ങളുടെ രക്ഷിതാവ് സുരാജ് സാറാണ് . കഴിഞ്ഞ വർഷത്തെ രക്ഷിതാവ് ബാബുരാജ് സാറായിരുന്നു. ഈ ഓരോവീട്ടിലെയും ഓരോരോ രക്ഷിതാവ് ഓരോരോ നേരത്ത് മറ്റുവീടുകളിലേക്ക് മാറാറുണ്ട് . ആ ഓരോ നേരമാണ് ഓരോ പീരിടുകൾ. ഞങ്ങൾ എല്ലാ കുട്ടികളും ഒരേ മതമാണ് , ഒരേ ജാതിയാണ് , ഞങ്ങൾക്കിടയിൽ നിറവിവേചനമില്ല,പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഇല്ല. ഇവിടെ എല്ലാ അദ്ധ്യാപകരും എല്ലാ വിദ്യാർത്ഥികളും ഒന്നാണ് ഞങ്ങൾ ഒരിക്കലും പിരിയുന്നില്ല.ഈ സ്കൂളിനെ വലിയ വലിയ ഉയരങ്ങളിലേക്ക് എത്തിക്കാൻ നമുക്ക് ഒന്നിച്ച് പരിശ്രമിക്കാം.... ഈ സന്തോഷങ്ങൾക്കിടയിൽ ഞങ്ങളോട് വിട പറഞ്ഞ ഞങ്ങളുടെ സ്വന്തം വൃന്ദടീച്ചർക്ക് കണ്ണീരിൽ കുതിർന്ന ആദരാഞ്ജലികൾ. ടീച്ചർ മരിക്കുന്നില്ല,ഞങ്ങളുടെ ഉള്ളിൽ ഇന്നും ജീവിക്കുന്നു....



-കൃപ

9 E

# നിലാവിന്റെ രാത്രി




നിലാവിന്റെ രാത്രിയിൽ
പാതിമുഖം
മറച്ച് ചന്ദ്രൻ മേഘങ്ങൾ
ക്കിടയിൽ
ഭൂമിയിലേക്ക് നോക്കി നിൽ -
കുന്നു.
രാത്രിമഴയുടെ വരവറിക്കാൻ
കാർമേഘങ്ങൾ
ഇരുണ്ട് കൂടുന്നു കാറ്റിന്റെ
അലകൾ ഇലകളെ തഴുകുന്നു.



**-ദേവിക.എസ്**

**IX: C**

# പ്രണയം



ഒരു നോക്കിലായിരം

ഭാവങ്ങൾ മിന്നിയും

ഒരു സ്വരമോതാതെ

പലവാക്കു പകർന്നും

അകലുവാനാകാത്ത

ഹൃദയബന്ധത്തിന്റെ

ചാരുത പകരുന്ന

അനുഭൂതിയേതാവാം

പതിയെ വിടർന്ന

മലരിതൾ പോലെ

മന്ദസ മീരനിൽ

ദല മർമ്മരം പോലെ

പകലിരവറിയാതെ

സങ്കൽപ്പരഥമേറി

വായുവിലലിയുന്ന

മൃദുമന്ത്രമേതാവാം

ഹൃദയത്തിൻ ചെപ്പിൽ

കോർത്തൊരു മുത്തുപോൽ

ജീവിതമാകവേ

തളിരണിയിക്കുമാ

ദിവ്യാനുരാഗ

പ്രവാഹമതേതാവാം

"പ്രണയം" അതൊരിക്കലും

മായാത്ത മഴവില്ലുപോലെ.



**- എസ്. സുരേഷ് ബാബു**

**(മലയാളം അദ്ധ്യാപകൻ)**

# <u>പുലർ കാഴ്ച</u>

സൂര്യരശ്മികൾ ഭൂമിയിൽ എത്തുമ്പോൾ തന്നെ
കിളികളുടെ ചിലപ്പും മേളവും തുടങ്ങും .
സുഗന്ധം പരത്തുന്ന നറുതേനൂറുന്ന
പൂക്കളുടെ ഗന്ധം എന്നെ ഉണർത്തും.
പൂക്കളുടെ തേൻനുകരാൻ പൂമ്പാറ്റകൾ
എത്തി ചേരും. മഞ്ഞ് മൂടി കിടക്കുന്ന
പ്രഭാതമാകെ പതിയേ പതിയേ മായാൻ
തുടങ്ങും.



- **അഞ്ചു.സി.എൽ**

IX: C

# ക്വിസ്



1. ഒളിംപിക്സിൽ മെഡൽ നേടിയ ആദ്യ ഇന്ത്യൻ വനിതയുടെ പേരെന്താണ് ?

ഉത്തരം: കർണം മല്ലേശ്വരി

2. ലോകത്തെ ഏറ്റവും വലിയ ഫുട്ബോൾ സ്റ്റേഡിയം ഏതു രാജ്യത്തിന്റേതാണ് ?

ഉത്തരം:ബ്രസീൽ (മറക്കാന)

3. ചൊവ്വയുടെ ഭ്രമണപഥത്തിലത്തുന്ന ആദ്യത്തെ ഏഷ്യൻ രാജ്യം ?

ഉത്തരം:ഇന്ത്യ

4. ചന്ദ്രനിൽ ആകാശത്തിന്റെ നിറമേത് ?

ഉത്തരം:കറുപ്പ്

5. ഇന്ത്യയുടെ വിദേകാര്യമന്ത്രിയായിരുന്ന ആദ്യ വനിത ?

ഉത്തരം:ഇന്ദിരാ ഗാന്ധി

6. ഇന്ത്യൻ സായുധസേനയുടെ ഭാഗമായി മാറിയ ആദ്യ മിസൈൽ ?

ഉത്തരം:പൃഥ്വി

7. ലോകത്തിൽ ആദ്യമായി റോക്കറ്റ് സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തത് എവിടെയാണ് ?
ഉത്തരം:ചൈന

8. ഐക്യ രാഷ്ട്രസഭയിൽ ഇന്ത്യ അംഗമായതെന്ന് ?

ഉത്തരം:1945 ഒക്ടോബർ

9. ഗാന്ധി ശിഷ്യനായി ജീവിച്ച കോൺഗ്രസ് ഇതര ഇന്ത്യൻ പ്രധാനമന്ത്രി ?

ഉത്തരം:മൊറാർജി ദേശായി

10. സിവിൽ സർവ്വീസ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ആദ്യ മലയാളി വനിത ?

ഉത്തരം:നിരുപമ റാവു(1973)



- ഭരത് ലാൽ

8 C

# ശാസ്ത്രം - മനുഷ്യന്റെ സുഹൃത്ത്




ഇത് ശാസ്ത്രത്തിന്റെ യുഗമാണ് . ശാസ്ത്രത്തിന്റെ കണ്ടുപിടിത്തങ്ങളെ

അടിസ്ഥാനമാക്കി നിർമ്മിച്ച യന്ത്രങ്ങളും സാമഗ്രികളും നമ്മുടെ ജീവിതത്തെ

നിയന്ത്രിക്കുകയും എളുപ്പമുള്ളതാക്കി മാറ്റുകയും ചെയ്തിരിക്കുന്നു.അത് മനുഷ്യന്

വിശാലമായ വിനോദ സാധ്യതകൾ പ്രദാനം ചെയ്തിരിക്കുന്നു.അത് ദൂരങ്ങളുടെ ദൈർഘ്യം ഗണ്യമായി കുറച്ചിരിക്കുന്നു.മനുഷ്യായുസ് ഗണ്യമായി വർദ്ധിക്കുകയും മരണനിരക്ക് കുറയുകയും ചെയ്തിരിക്കുന്നു. ഈ അർത്ഥത്തിൽ ശാസ്ത്രം മനുഷ്യന്റെ സുഹ്രത്താണ് .

എന്നാൽ വിനാശകരമായ കണ്ടുപിടുത്തങ്ങളുടെ പേരിൽ ശാസ്ത്രം അധിക്ഷേപിക്കപ്പെടുന്നു.യുദ്ധമുണ്ടാക്കുന്നതിനും നാശം വിധയ്ക്കുന്ന ആയുധങ്ങൾ നിർമ്മിക്കുന്നതിനും മനുഷ്യനെയാണ് കുറ്റപ്പെടുത്തേണ്ടത് . ശാസ്ത്രത്തിമനുഷ്യന്റെ സഹായമില്ലെങ്കിൽ നമ്മുടെ ജീവിതം വിരസവും കൂടുതൽ കാഠിന്യമുള്ളതായ് തീരുമായിരുന്നു . മനുഷ്യന്റെ നന്മയ്ക്കുവേണ്ടി ശാസ്ത്രത്തെ ഉപയോഗിക്കുമ്പോൾ നാം ശ്രദ്ധിക്കണം.



-ഷിനാസ്

9 E

# സൗഹൃദം



കടലിൻെറ ഓളങ്ങളിൽ അലതല്ലും
തിരകളാൽ -
കളഞ്ഞു കിട്ടിയതാണീ സൗഹൃദം
ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുമീ
പടിവാതിൽ കടക്കുമീ കൂട്ടുകാരാം ഞങ്ങൾ
ഹൃദയത്തിലൊരു നിധിയായി സൂക്ഷിക്കുമീ
ഓർമകൾ തന്നയെൻെറ സൗഹൃദത്തെ
സ്നേഹമാം മരത്തണലിൽ ഒരു കുടകീഴിലായി
ഒത്തുചേർന്നു നിൽക്കുമീ സുഹൃത്തുക്കൾ
അക്ഷരമുറ്റത്തിൻ പീലിവിടർത്തി
മയിൽപീലി പോലഴകുള്ള സൗഹൃദം
ഞങ്ങളീ പടിയിറങ്ങവേ
ഇനിയൊരു ജന്മം ജനിച്ചാലും കിട്ടുമോ
ഇതു പോലൊരമൂല്യമാം സൗഹൃദത്തെ .........

- ഹന്ന
9E

# കായിക വിജ്ഞാനം

1. 2016 ജനുവരി 3-ന് നടന്ന സാഫ് കപ്പ് ഫുട്ബോൾ ഫൈനലിൽ കിരീടം നേടിയത് ?

ഉത്തരം : ഇന്ത്യ




2. 2018 പുരുഷ ഹോക്കി ലോകകപ്പ് നടക്കുന്നതെവിടെ ?

ഉത്തരം : ഇന്ത്യയിൽ

3. 2016-ൽ 20-20 ലോകകപ്പ് ക്രിക്കറ്റ് മത്സരങ്ങൾ എവിടെയായിരുന്നു നടന്നത് ?

ഉത്തരം : ഇന്ത്യയിൽ

4. ഖേൽ രത്നാ പുരസ്കാരം നേടിയ ആദ്യത്തെ വനിത ടെന്നീസ് താരം ?

ഉത്തരം : സാനിയ മിർസ

5. അർജ്ജുന പുരസ്കാരം നേടിയ മലയാളിയായ ആദ്യ ഇന്ത്യൻ ഹോക്കി ഗോൾ കീപ്പർ ?

ഉത്തരം : പി. ആർ.ശ്രീജേഷ്

6. 2015-ലെ കോപ്പ അമേരിക്ക കപ്പ് ജേതാക്കൾ ?

ഉത്തരം : ചിലി

7. 2015-ലെ ലോകകപ്പ് ക്രിക്കറ്റ് കിരീടം നേടിയ രാജ്യം ?

ഉത്തരം : ഓസ്ട്രേലിയ

8. 2018-ലെ ഏഷ്യൻ ഗെയിംസ് വേദി ഏതായിരുന്നര ?

ഉത്തരം : ജക്കാർത്ത

9. 2022-ലെ ഫിഫ വേൾഡ്കപ്പ് ഫുട്ബോൾ വേദി ?

ഉത്തരം : ഖത്തർ

10. ഏകദിന ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ സെഞ്ചുറി നേടിയത് ?

ഉത്തരം : എ.ബി. ഡിവില്ലിയേഴ്സ്.



**അഭിരാജ്**

9 E

# സുതാര്യ കവിതകൾ

## മാതൃഭാഷ ദിനം



മാതൃഭാഷാദിനമായ

കേരളപ്പിറവിദിനത്തിൽ

നഗരത്തിലെ

ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥികൾ

പരസ്പരം

ആശംസകൾ നേരുന്നു

ഹാപ്പി മദർടംഗ് ഡേ.....!

## വേനൽ

എരിയുന്ന വേനലിൽ തീ പാറും ജ്വാലകൾ

എന്നെയും ചുട്ടു നീറ്റിടുന്നു

ഉള്ളിൽ നിറയുന്ന നോവിന്റെ ബാഷ്പങ്ങൾ

വോയിലേറ്റു ആവിയായി വറ്റിടുന്നു

വറ്റിവരണ്ടൊരു നാവിലേക്കിറ്റുവാൻ



കണ്ണീരു പോലും കനവതില്ല

കൊഴിയുന്ന പൈതലെ ചിറകേറി ലാളിക്കാൻ

പൂമരം ഒന്നുമേ തളിർത്തതില്ല !

## ശേഷം

ആചാരത്തെ ചൊല്ലി വിശ്വാസം

വിവേകവുമായി കലഹിച്ച്

സമനില തെറ്റിപ്പിച്ച് പിരിയും

അത് പറഞ്ഞ് തലങ്ങും വിലങ്ങും ഓടി

കണ്ണിൽ കണ്ടവരെയെല്ലാം തെറിവിളിച്ചാക്രമിച്ചു !

## അകമ്പടി

ബൈക്കപകടത്തിൽ മരിച്ച യുവാവിന്റെ

ശവഘോഷയാത്ര നൂറ്റൊന്നു

ബൈക്കുകളുടെ അകമ്പടിയോടെ !



**-അഞ്ജലി സുരേഷ്**

6 E

# ബാല്യം



ബാല്യമൊരോർമ്മയായ്
ഇടനെഞ്ചിനകതാരിൽ
കളിയാട്ടമാടുന്ന നേരം....

ഓർമ്മ തൻ ചാലുകൾ കവിഞ്ഞെന്റെ
കരയാകെ
അലതല്ലി ഒഴുകുന്ന നേരം....
ഞാനൊരു ഗോക്കിടാവുപോൽ
തികട്ടുന്നെന്നോർമകൾ
തിരയുന്ന പിന്നിട്ടവഴികൾ....
ബാല്യമാണെന്നുള്ളിൽ മലരുകൾ വിരിയിച്ച

സുന്ദര പുഷ്പകോദ്യാനം....
ബാല്യമെൻ ജീവിതയവനിക തന്നിലെ

മായാത്ത മധുരമാം സ്വപ്നം....

മണ്ണപ്പം ചുട്ടപ്പോൾ മണ്ണിൽ കളിച്ചപ്പോൾ



അമ്മ തൻ ശകാരവർഷങ്ങൾ കേട്ടപ്പോൾ
അന്നൊരു വേദന തോന്നിയതോർക്കുന്നു...
ഇന്നെന്റെ മാനസ്സം ഓർമ്മകൾ തേടുന്നു.

സഹതിയ എസ്

VII:D

# പിറക്കാതിരുന്നെങ്കിൽ

പിറക്കാതിരുന്നെങ്കിൽ നീയെൻ കുഞ്ഞേ...

നിനക്കായ് കാത്തുവച്ചിട്ടില്ല,

കാത്തുവെക്കാനില്ലൊന്നും...

അമ്മതൻ നിറവാർന്ന സ്നേഹമല്ലാതെ

കാത്തുകാത്തിരുന്ന ഞാൻ

കാക്കച്ചികൂട്ടിൽ നിന്നൊഴിക്കാൻ

കണ്ണിൽ എണ്ണയൊഴിച്ച് കാത്ത നിമിഷമെത്തി

കണ്ണിടതെറ്റാതെ കാവാലയെൻ പ്രിയൻ..

നെഞ്ച് കീറി പറിഞ്ഞു പോയി

നിന്നെ ഉപേക്ഷിച്ച പറന്നകലവേ...

നേരറിയാതോതുന്ന മാലോകർ

നേരില്ല പുള്ളിക്കുയിലിനൊരിക്കലും......

പക്ഷികൂട്ടത്തിൽ ഇമ്പമായി പാടും

പാവം കുയിലിനേകിയില്ല തമ്പുരാൻ....

പാരിലോമന കുഞ്ഞിനായ്

നാരിന്റെ കൂട്ട ചിമാക്കുവാൻ താല്പര്യം......

മുറ്റത്തെ മാവിൻ ചില്ലയിൽ പതുങ്ങിയും

മുത്തശ്ശി പ്ലാവിന് വട്ടമിട്ടും...

മടിയതകലെക്ക പറക്കാൻ ഇരുവർക്കും

മക്കൾ ചുണ്ട് നീട്ടി കരയുന്നതെപ്പോഴോ?

തെല്ലിട ഞാൻ എന്നെ മറന്നു

തെറ്റിയില്ല എനിക്ക നിന്നെ, കാക്കയെപോലെ

തീറ്റക്കായി നീ ചുണ്ട് പിളർക്കുമ്പോൾ, കാട്ടു തീയിൽ അകപ്പെട്ട പോലുള്ള നീറ്റം.

കൊത്തിമാറ്റും നിമിഷത്തിനായി കൊതിയോടെ...

കൊക്കിലൊതുക്കിയ സ്നേഹവുമായി കാത്തു നിന്നെ

കയ്യിൽ കിട്ടിയ വേളയിലറിയാതെ

കണ്ണുനിറഞ്ഞുപോയതെന്തുകൊണ്ടോ??

നിമിഷങ്ങൾ പാറിപറക്കുവതെത്ര വേഗം... !

നിനക്കായെൻ സമസ്തവും നൽകുന്ന ഞാൻ...

എൻ മനവും എൻ പ്രാണനും എന്നുവേണ്ടെല്ലാം നിനക്കായ് സമർപ്പിതം.....

കനിവറ്റലോകത്തിൽ ഓമനക്കായി

കരുതിവെ ക്കാനാകില്ലെനിക്കൊന്നും..

കാരുണ്യവാനാകും സർവേശ്വരൻ കരുണയറ്റ മർത്യനെയും
സൃഷ്ടിച്ചനിമിത്തം...

മഞ്ഞോലും മധുമാസ രാവുകളില്ല
മട്ടുമലർ വിരിയും പൂവാടിയില്ല
മനസ്സുതുറന്നൊന്നു പാടിയിരിക്കാൻ
മരക്കൊമ്പുകൾ പോലുമില്ലിവിടെ.......

തണൽ വിരിക്കും മാന്തോട്ടങ്ങളും
തെളിനീർ നിറയും കുളിർപൊയികകളും
തെളിവിയന്ന ബുദ്ധിക്കിനെങ്ങും തെല്ലുമില്ലിവിടൊരാശ്വാസമായി...

ആശിക്കുവാനെന്താണിവിടിനി
അധിശപ്തമാകുമീ ലോകത്തിൽ
ആകും നിനക്കിവിടെ ജീവിക്കാനെങ്കിൽ ആയുരാരോഗ്യങ്ങൾ നേരുന്നു
ഞാനും...

എങ്കിലുമെൻ കുഞ്ഞേ, ഉള്ളിലെവിടെയോ
എന്തിനെന്നറിയാത്തൊരു വേദന
പിറക്കാതിരുനെങ്കിൽ നീയെന്നൊരു പ്രാർത്ഥന
പിറവിയെടുക്കുന്നതെവിടെയോ.....

-ഡോ എസ് എസ് ഫിലോമിന

(മലയാളം അദ്ധ്യാപിക)

# വിണ്ണിലെ അമ്മ നക്ഷത്രം

എല്ലാ ദിവസത്തേയും പോലെ ആ വിളി ഉയർന്നു "മോനേ സമയമായി എഴുന്നേൽക്കൂ" ഈ സമയം മോന്റെ മനസ്സിൽ എന്നും കേൾക്കുന്ന ഈ വാക്കുകൾ കേട്ട് അവന്റെ മനസ്സ് മടുത്തു. അങ്ങനെ സമയം വൈകി അവൻ സ്കൂളിൽ എത്തി. തുടർന്ന് അന്ന് നടന്ന ടെസ്റ്റ് പേപ്പറിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചു, എന്നും ടെസ്റ്റ് പേപ്പറിൽ തോൽക്കുന്ന അവൻ ഇപ്പോൾ കിട്ടിയ മാർക്കിന്റെ സന്തോഷത്തിൽ അവൻ നേരെ വീട്ടിലേക്ക് ഓടി. വീട്ടിന്റെ പൂമുഖത്ത് എത്തിയതും ആ കാഴ്ച്ച കണ്ടു. പൂമുഖത്ത് ബാങ്ക് ഉദ്യോഗസ്ഥരും പോലീസുകാരും ചേർന്ന് കൃഷിയ്ക്ക് വേണ്ടി എടുത്ത പൈസ തിരിച്ച് അടയ്ക്കാത്ത സാഹചര്യത്തിൽ അവർ ജപ്തി ചെയ്യുന്നു. അവന്റെ അമ്മയുടെ നിലവിളി കേട്ട് അവന്റെ മനസ്സ് തളർന്നു. പിന്നീട് ആ അമ്മയും മകനും ചേർന്ന് റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോമിൽ കിടന്ന് നാളുകൾ കഴിച്ചു കൂട്ടി. ആ സമയം അവന്റെ സാഹചര്യം അറിഞ്ഞ ഒരു വൃദ്ധൻ അദ്ദേഹത്തിന്റെ ഉടമസ്ത്തയിലുള്ള കുറച്ച് ഭൂമി ഇവർക്ക് നൽകുകയും ഒരു കുടിൽ കെട്ടി അവിടെ താമസം തുടങ്ങുകം അവിടെ നിന്ന് അവൻ പഠിച്ച് നല്ല നിലയിലെത്തി ചേർന്നു. അതിനോടൊപ്പം അവന്റെ മനസ്സിൽ അമ്മയോടുള്ള സ്നേഹം കുറയുകയും ശത്രു മനോഭാവം ഉണ്ടാകുകയും ചെയ്തുകൊണ്ടിരുന്നു. പക്ഷെ ആ അമ്മയ്ക്ക് ഒരു ആഗ്രഹം കൂടി ഉണ്ടായിരുന്നു. അവനൊരു ജീവിതം ഉണ്ടാവുകയും അവൻ മക്കളുമായി താമസിക്കുന്നത് കാണാൻ ആഗ്രഹിച്ചു. ആ സമയം അവന്റെ മനസ്സ് ഈ അമ്മയെ എത്രയും വേഗം ഇവരെ

അനാഥാലയത്തിൽ എത്തിക്കുക എന്ന ബോധ്യത്തോടെ ആ അമ്മയെയും കൂട്ടി അവൻ അനാഥാലയത്തിൽ എത്തിചേരുകയും അമ്മയെ അവിടെ ഏൽപ്പിച്ച് തിരികെ വരുന്നവഴി അവൻ ഒരു ആക്സിഡന്റിൽ പെട്ടു. അപ്പോൾ തുടർന്ന് ആരോഗ്യാവസ്ഥ മോശമായി അവന്റെ രണ്ട് വൃക്കകളും തകരാറിലാകുകയും അവന് വേണ്ടി യോജിച്ച വൃക്കകൾ കിട്ടാതെ വരികയും ഈ സംഭവം ആ അമ്മ അറിയുകയും അവനറിയാതെ അവന്റെ അമ്മയുടെ ഒരു വൃക്ക ദാനം ചെയ്യുകയും മാസങ്ങൾക്ക് ശേഷം ആ അമ്മയുടെ ആരോഗ്യസ്ഥിതി വശളാകുകയും തുടർന്ന് അമ്മ മരണപ്പെട്ടു. അനാഥാലയത്തിലെ ആൾക്കാർ കാണുവാനായി അവനെ വിളിക്കുകയും ചെയ്തു. അവൻ എത്തിയില്ല. തുടർന്ന് ആ അമ്മയെ സ്മശാനത്തിൽ മൃദദേഹം ദഹിപ്പിക്കുകയും ചെയ്തു. ആഴ്ചകൾക്ക് ശേഷം ഡോക്ടർ മുഖേന ആ വലിയ സത്യം അവൻ അറിഞ്ഞു. അവന്റെ അമ്മയുടെ ദാനം കൊണ്ടാണ് അവൻ ജീവിച്ചിരിക്കുന്നത്, അവൻ വിങ്ങിപ്പൊട്ടി. കലങ്ങിയ കണ്ണുകളുമായി അവൻ നേരെ സ്മശാനത്തിലേക്ക് ഓടി. അവിടെ അമ്മയുടെ ചിതാഭസ്മം വാരി അവൻ നെഞ്ചോട് ചേർത്തു പൊട്ടിക്കരഞ്ഞു. ഞാൻ ഇത്ര മഹാപാപി ആയിരുന്നല്ലെ അന്നോട് ക്ഷമിക്കണേ അമ്മേ എന്ന് അവൻ യാചിച്ചു. ആ അമ്മയുടെ ഓർമ്മ അവശേഷിപ്പിച്ച് ഒരു ഭ്രാന്തനെ പോലെ കാലം മുന്നോട്ടു കൊണ്ടുപോയി.



**ദേവിക.ആർ**

7D

# വലയിലാക്കും ചോദ്യങ്ങൾ

# വഴുതിപോകുന്ന രാജ്യം?

ഗ്രീസ്

# അമ്പയക്കാൻ പറ്റാത്ത വില്ല് ?

മഴവില്ല്

# മുളയ്ക്കാൻ പറ്റാത്ത പയർ?

അമ്പയർ

# ശോകം ഇല്ലാത്ത മരം?

അശോകം

# ഒരു വ്യക്തിയിൽ നിന്ന് ഒരാൾ ആഗ്രഹിക്കുന്ന ശ്വാസം?

ആശ്വാസം

# ചീകി ഒതുക്കാൻ പറ്റാത്ത മുടി?

കൊട്ടമുടി

# വരാനും പോകാനും പറയുന്ന ഇന്ത്യൻ സംസ്ഥാനം?

ഗോ - വ ( ഗോവ )

-നന്ദന എ.എസ്

9G

—

# എന്റെ വിദ്യാലയം

അക്ഷരനക്ഷത്രജാലം നിറഞ്ഞു
എത്ര സുന്ദരമീ വിദ്യാലയം
നമ്മുടെ വീട് വിദ്യാലയം
നമ്മുടെ അമ്മ അധ്യാപകർ




നമ്മുടെ ബന്ധു കൂട്ടുകാർ
അക്ഷരമുറ്റം നമുക്കെന്നും
അറിവിന്റെ അക്ഷരമുറ്റം
എത്ര സുന്ദരം, എത്ര സുന്ദരം!
നമ്മുടെ
വിദ്യാലയം



-അഭിഷേക്

6 A

# പാട്

മറക്കാതിരിക്കേ പാട്

കടപ്പാട്

മറ്റുള്ളവരോട് നന്നായി ചെയ്യേണ്ട പാട്

ഇടപാട്

ആഗ്രഹിച്ചത് കിട്ടാൻ വേണ്ടി നടത്തുന്ന പാട്

വഴിപാട്

വിഷമത്തിലാക്കുന്ന പാട്

കഷ്ടപാട്

നമ്മേ പിന്തുടരുന്ന പാട്

കാൽപ്പാട്

തൊട്ടകലെയുള്ള പാട്

വിളിപ്പാട്

സങ്കടപ്പെടുത്തുന്ന പാട്

വേർപാട്

തുള്ളുന്ന പാട്

വെളിച്ചപ്പാട്

ദിവസവും നാം മറക്കാതെ തീർക്കുന്ന പാട്


ശാപ്പാട്

-ലാവണ്യ എസ്

5 – ക്ലാസ് വിദ്യാർത്ഥിനി

N S S H S S പ്രാക്കുളം

# സി.കേശവൻ ഒരു അതുല്യ പ്രതിഭ



സി.വി.യുടെ പരിലാളനത്താൽ ഉയർത്തെഴുന്നേൽക്കുകയും നവചൈതന്യം സ്വാംശീകരിക്കുകയും ചെയ്ത മയ്യനാടിന്റെ ഏറ്റവും വലിയ സംഭാവനയാണ് സി. കേശവൻ ബാഹ്യസൗന്ദര്യം അത്രയൊന്നും അവകാശപ്പെടാനില്ലായിരുന്നു. പക്ഷേ ആ കണ്ണുകൾക്ക് കലയുണ്ട്. അദ്ദേഹം ഒരു കലാകാരനായിരുന്നു. ദുഷ്യന്തന്റെ ഭാഗം അഭിനയിച്ചിട്ടുണ്ട് ശ്രുതിമധുരമായി പാടാൻ ആ കളകണ്ഠത്തിന് കഴിയുമായിരുന്നു. എന്നാൽ പ്രസംഗവേദിയിൽ നിൽക്കുമ്പോൾ കളകണ്ഠകൂജനം സിംഹഗർജ്ജനമായി മാറും. ആരേയും കൂസാത്ത നോട്ടവും ഉയർത്തി പിടിച്ച ശിരസ്സും ഇടിമുഴക്കം പോലുള്ള ആ ശബ്ദവും സി.കേശവനെ അനായേസേന സിംഹള സിംഹമാക്കിത്തീർത്തു. അദ്ദേഹം സമഗ്രമധീരനായ ഒരു പടയാളിയായിരുന്നു, സ്വാതന്ത്ര്യസമരസേനാനിയായിരുന്നു. തിരുവിതാംകൂറിൽ ജനലക്ഷത്തിന്റെ സമരകാഹളം മുഴങ്ങിക്കേട്ടതു സിംഹള സിംഹം ഗർജ്ജിച്ചപ്പോളായിരുന്നു. നിവർത്തന പ്രക്ഷോഭണത്തിന്റെ മേഘനിർഘോഷം ശ്രവിച്ച കോഴഞ്ചേരിയിൽ നിന്ന് ഉയർന്ന തരംഗങ്ങൾ തിരുവനന്തപുരത്തെ ഗർഭഗ്രഹത്തിൽ രക്തസ്രാവമുളവാക്കി സി.പി രാമസ്വാമി അയ്യർവരെയുള്ള അധികാരിവർഗ്ഗം കിടിലംകൊണ്ടു. രാജദ്രോഹക്കുറ്റത്തിൽ സി. കേശവൻ അറസ്റ്റ് ചെയ്യപ്പെട്ടു. ശിക്ഷ കഴിഞ്ഞ് ഇറങ്ങിയ സി. കേശവനെ മർകിത ജനവിഭാഗങ്ങളുടെ മുടിചൂടാമന്നനായി ജനതതി അംഗീകരിച്ചു

ഒരു ഇതിഹാസപുരുഷനെ പോലെ ഉത്തുംഗനാണ് സി.കേശവൻ. അദ്ദേഹം ധീരനും നിർഭയനും ആയിരുന്നു. അഭിമന്യുവിനെപ്പോലെ കൗരവപ്പടയുടെ മധ്യത്തിലേക്ക് തന്നെ അദ്ദേഹം കുതിച്ചു ചാടി ഇരുമ്പഴിക്ക പിന്നിൽ നിന്ന് അദ്ദേഹം തിരിച്ചുവരുമെന്ന് അന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. സമരസേനാനിയായിരുന്ന സി. കേശവന്റെ കോൾമയിർ കൊള്ളിക്കുന്ന ഒന്നാണ് ധീരനായ ഈ പടനായകൻ പ്രസക്തിയില്ലാതായി. പിന്നീട് രാഷ്ട്രീയ നേതാക്കളുടെ കാലം വന്നു "ഒരമ്പലം നശിച്ചാൽ അത്രയും അന്തവിശ്വാസം തീരും" ശബരിമലക്ക് തീപിടിച്ചപ്പോഴാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത് ഈഴവരുടെ സ്ഥിതിമയസമുദായങ്ങളെ അപേക്ഷിച്ച് തുലാം ശോചനീയമാണെന്ന് സി. കേശവൻ ചേർത്തലപ്രസംഗത്തിൽ പരാമർശിക്കുന്നുണ്ട്. വിപ്ലവകരങ്ങളായ മാറ്റങ്ങളാണ് നമ്മിൽ പലരും സ്വപ്നം കാണുന്നതെന്ന് അദ്ദേഹം അറിയാഞ്ഞല്ല അതിൽ നാം വേണ്ടുവോളം തയ്യാരായിട്ടില്ല .രാജ്യസ്ഥിതി അതിനു പര്യാപ്തവുമല്ല. എന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം വൈദ്യം ജ്യോതിഷ്യം മുതലായി പഠിപ്പ് ആവശ്യമുള്ള തൊഴിലുകളും പ്രധാനമായും ഈഴവരുടേത് തന്നെ ആയിരുന്നുവെന്നു നിഷ്പക്ഷബുദ്ധികളായ വിദേശസഞ്ചാരികൾ എഴുതിയ രേഗകൾ വ്യക്തമാക്കുന്നു. ആളുകൾ പരമ്പരയായി ചെയ്തുവരുന്ന തൊഴിലുവിട്ട് കള്ളുചെത്തു മാത്രം ഈഴവരുടെ കുലത്തൊഴിലാക്കിയ ജാതിതിമിരത്തെപ്പറ്റി ജനങ്ങളെ ബോധ്യപ്പെടുത്താനാണ് സി. കേശവൻ ഇപ്രകാരം പറഞ്ഞത്. ഡച്ചു ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള 'ഹോർട്ടസ് മലബാറിക്കുസ് എന്ന ഗ്രന്ഥസമുചയത്തിന് വേണ്ട കുരുക്കൾക്കെടുത്ത ഈ ഉപദേശം നൽകിയനും ഇടി അച്ചുതൻ എന്നു പേരു ഈ ചേർത്തല ക്കാരൻ ഈഴവവൈദ്യനായിരുന്നു .കേരളത്തിന്റെ നവോത്ഥാന പ്രസ്ഥാനവും

സ്വാതന്ത്ര്യസമരവും സംഭാവന ചെയ്ത ഏറ്റവും സമ്പൂർണ്ണ ദേശീയ വിപ്ലവകാരിയാണ് സി.കേശവൻ.



ഷാദാ വി ഭരൻ

(മലയാളം അദ്ധ്യാപിക)

# റിപ്പോർട്ട്

2019-20 അദ്ധ്യായന വർഷത്തിൽ അഞ്ചാലുമ്മൂട് ഗവൺമെന്റ് ഹൈസ്കൂളിൽ മലയാള വിഭാഗം അധ്യാപകർ 'ഹൃദയപൂർവം' എന്ന പേരിൽ ഒരു പുസ്തകം പുറത്തിറക്കുന്നതിനെക്കുറിച്ച് ചിന്തിച്ചു. അതിന്റെ ഭാഗമായി പത്താം ക്ലാസ്സിലെ വിദ്യാർത്ഥികളോട് അവരുടെ സ്കൂൾ ജീവിതത്തിൽ അവരെ ഏറെ സ്വാദീനിച്ച അധ്യാപകർക്ക് ഒരു കത്ത് തയ്യാറാക്കാൻ ആവശ്യപ്പെട്ടു. വിദ്യാർത്തികളിൽ നിന്ന് ലഭിച്ച കത്തുകളിൽ നിലവാരം പുലർത്തുന്നവ തിരഞ്ഞെടുത്ത് പുസ്തകമാക്കുന്നതിനുള്ള അണിയറ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ജൂലൈ 5-ന് ബഷീർ ദിനാചരണവുമായി ബന്ധപ്പെട്ട് ഡോ.എസ്.എസ്. ഫിലോമിന ടീച്ചർ അനുസ്മരണ പ്രഭാഷണം നടത്തുകയുണ്ടായി. U.P, H.S തലത്തിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു.

വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വായനാദിനവുമായി ബന്ധപ്പെട്ട് പി.എൻ. പണിക്കർ അനുസ്മരണം നടന്നു. U.P, H.S തലത്തിൽ ക്വിസ് മത്സരം നടത്തി. വിദ്യാരംഗം പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാലയത്തിലെ കൊച്ചു കലാകാരന്മാരെയും കലാകാരികളെയും കണ്ടെത്താൻ U.P, H.S തലത്തിൽ കഥ, കവിത, ചിത്രരചന എന്നിവയുടെ മത്സരം നടന്നു. അതിൽ നിന്നും ഒന്നും രണ്ടും സ്ഥാനക്കാരെ തിരഞ്ഞെടുത്തു.

നവംബർ ഒന്നുമുതൽ ഏഴ് വരെ ഭാഷാവാരാചരണവുമായി ബന്ധപ്പെട്ട് പ്രത്യേക അസംബ്ലി സംഘടിപ്പിച്ചു. കേരള പിറവിദിന സന്ദേശം ഹെഡ്മിസ്ട്രസും ശ്രീ.സുരേഷ് ബാബു സാറും കുട്ടികൾക്ക് നൽകി. ഫിലോമിന ടീച്ചർപ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. നെല്ലിമരത്തിൽ അക്ഷരങ്ങൾ ചാർത്തി വർണ്ണാഭമാക്കി

വിദ്യാരംഗം സബ്ജില്ലാ മത്സരങ്ങളുടെ ഭാഗമായി തട്ടാമല H.S ൽ നടന്ന കവിതാ രചനയിൽ 10 J യിൽ നിന്നും ശ്രീവിദ്യ രണ്ടാം സ്ഥാനം നേടി.

വിദ്യാലയം പ്രതിഭകളോടൊപ്പം എന്ന പരിപാടിയുടെ ഭാഗമായി അഞ്ചാലുമ്മൂട് ഗവ.എച്ച്.എസിലെ പൂർവ അദ്ധ്യാപിക ശ്രീമതി അമ്മിണി സോമൻ ടീച്ചറിനെ വീട്ടിൽ  പോയി ആദരിച്ചു. മലയാളം അധ്യാപകരായ എസ്.എസ്. ഫിലോമിന, ഷാദാ.വി. ഭരൻ, ഐബ റിസോഴ്സ് അധ്യാപിക ഷീജ എന്നിവർ കുട്ടികളോടൊപ്പം സന്ദർശനം നടത്തി. പ്രവർത്തനങ്ങൾ സജീവമായി തുടരുന്നു.

**ഐബ എ**

**-മലയാളം സബ്ജക്ട് കൺവീനർ**



# അഹങ്കാരിയായ സ്വർണ്ണമീൻ



ഒരു കുളത്തിൽ ഒരു സ്വർണ മീൻ ഉണ്ടായിരുന്നു .വലിയ അഹങ്കാരി ആയിരുന്നു അവൻ ."അയ്യേ നിങ്ങളെയൊക്കെ കാണാൻ ഒരു ഭംഗി ഇല്ല .എന്നാൽ എന്നെ നോക്ക് ,എന്തു ഭംഗിയാണ് എനിക്ക്" സ്വർണ്ണ മീൻ മറ്റുള്ളവരെ എപ്പോഴും കളിയാക്കും . അങ്ങനെയിരിക്കെ ഒരു കാക്ക ചേട്ടൻ അതുവഴി വന്നു. കുളത്തിൽ എന്തോ സ്വർണനിറത്തിൽ വെട്ടി തിളങ്ങുന്നത് കാക്ക ചേട്ടന്റെ കണ്ണിൽപെട്ടു. അതൊരുസ്വർണ്ണ മീൻ ആണല്ലോ കാക്ക ചേട്ടൻറെ വായിൽ കപ്പലോടിക്കാൻ ഉള്ള വെള്ളം നിറഞ്ഞു. കാക്ക ചേട്ടൻ വേഗം സ്വർണ്ണ മീനിനെ ഒറ്റ കൊത്ത്. ഭാഗ്യത്തിന് സ്വർണ്ണ മീനിന്റെ  ഒരു കുഞ്ഞു ചിറകിനു മാത്രമേ കുത്തുകൊണ്ടുള്ളൂ. ഏതായാലും സ്വർണ്ണ മീനിന് നന്നായി വേദനിച്ചു. തനിക്ക് സ്വർണ്ണനിറം ഉള്ളതുകൊണ്ടാണ് കാക്ക ചേട്ടൻ കൊത്താൻ വന്നതെന്ന് സ്വർണ്ണ മീനിന് മനസ്സിലായി അതോടെ സ്വർണ്ണ മീനിന്റെ അഹങ്കാരം എല്ലാം പമ്പ കടന്നു നല്ലൊരു കുഞ്ഞു മീനായി അത് കുളത്തിൽ കഴിഞ്ഞുകൂടി.

ഗുണപാഠം : നമ്മുടെ അഹങ്കാരം നമുക്ക് ആപത്ത് ഉണ്ടാക്കും.



- വിഘ്നേഷ് വി എസ്

6B

# ബീമു ചേട്ടന്റെ വിനോദം



കാട്ടരുവിയുടെ തീരത്ത് ബീമു എന്നൊരു കരടികുട്ടനുണ്ടായിരുന്നു. മറ്റുള്ളവരെ പേടിപ്പിക്കുകയായിരുന്നു അവന്റെ വിനോദം.ഒരു ദിവസം

ബീമു കാട്ടരുവിയുടെ അരികിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് ചൊങ്കൻ കരടി കാട്ടരുവിയുടെയരികിലെ ഒരു പാറയിൽ ചാരി ഇരിക്കുന്നത് കണ്ടത്."ഹി! ഹി! കരടിച്ചേട്ടനെ ഒന്നു പേടിപ്പിക്കാം..." ബീമു വിചാരിച്ചു.എന്നിട്ട് അവൻ കരടിയുടെ അരികിലെത്തിയിട്ട് ഒറ്റ കരച്ചിൽ.. "ഗ്രാ....."പേടിച്ചു വിറച്ച കരടി "യ്യോ... മ്മോ .." ന്ന് കരഞ്ഞു ചാടി എണീറ്റു . വെപ്രാളത്തിനിടയിൽ കാൽ തെറ്റി അവൻ കാട്ടരുവിയിൽ വീണു. പിന്നീട് ഒരു വിധത്തിലാണ് കരടി കരയ്ക്ക് കയറിയത്. "ദുഷ്ടാ... നീ ഇതിന് അനുഭവിക്കും..." എന്ന് പറഞ്ഞിട്ട് കരടി വീട്ടിലേക്കു മടങ്ങി.ആ ദിവസം ബീമു കാട്ടിലെ ചതുപ്പിനരികിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് കോക്രി തവളയെ കണ്ടത്. അവൻ കുളക്കരയിലെത്തിയപ്പോൾ തവള പറഞ്ഞു."ചേട്ടാ.. ഇങ്ങോട്ടു വാ .. നമുക്ക് നീന്തി കളിക്കാം..."ബീമുവിന് അത് പിടിച്ചില്ല.. " ഹും , എന്നെ കളിയാക്കുന്നോടാ..." അവൻ ചതുപ്പിലേക്കിറങ്ങി .പക്ഷേ അവന്റെ രണ്ടു കാലുകളും ചതുപ്പിൽ കുടുങ്ങി."യ്യോ.. മ്മേ ....." അവൻ പറഞ്ഞു. അതുകണ്ട് തവള പറഞ്ഞു. "മറ്റുള്ളവരെ പേടിപ്പിക്കുന്നതിനുള്ള ശിക്ഷയാണത്."

ഗുണപാഠം :: മറ്റുള്ളവരെ ദ്രോഹിച്ചാൽ തിരിച്ചും ശിക്ഷ കിട്ടും ....



-ആരോമൽ

6 B

# സന്യാസിയുടെ നായക്കുട്ടി

ഒരു കൊടുങ്കാട്ടിൽ ഒരു സന്യാസി ജീവിച്ചിരുന്നു. കായ്കനികൾ മാത്രമായിരുന്നു ആഹാരം .
ഒരു നാൾ എവിടെ നിന്നോ ഒരു നായ അലഞ്ഞു തിരിഞ്ഞ് സന്യാസിയുടെ ഗുഹയിലെത്തി.അലിവു തോന്നിയ സന്യാസി നായയെ തന്റെയൊപ്പം പാർപ്പിച്ചു.

നേരം വെളുത്താൽ നായ കാട്ടിലേക്കിറങ്ങും.പിന്നെ വൈകുന്നേരമാണ് തിരിച്ചു വരിക. സന്യാസിയെപ്പോലെ കായ്കനികൾ തിന്നു വിശപ്പടക്കാൻ നായയ്ക്കു കഴിയില്ലല്ലോ. വല്ലതും എരിവും പുളിയുമുള്ളതും വേണം നായയ്ക്ക്.

ഒരിക്കൽ നായ കാട്ടിൽ ഭക്ഷണമന്വേഷിച്ച് നടക്കുകയായിരുന്നു. അതാ, മരച്ചുവട്ടിൽ ഒരു കടുവ! നായയെ കണ്ടതും കടുവ ഒറ്റച്ചാട്ടം. ഒരു നിമിഷം കൊണ്ട് നായ ഓടെടാ ഓട്ടം!

നായ ചെന്നുനിന്നത് സന്യാസിയുടെ ഗുഹക്കകത്താണ്.എന്താ, എന്തുപറ്റി?നിന്നു കിതയ്ക്കുന്ന നായയെ നോക്കി സന്യാസി തിരക്കി.

"ഒരു കടുവ എന്നെ പിടിക്കാൻ വന്നു." നായ പറഞ്ഞു.

സന്യാസി എന്തോ മന്ത്രം ചൊല്ലിയ മാത്രയിൽ നായ വലിയൊരു കടുവയായി മാറി. രൂപം മാറിയ നായ ഗുഹക്കു പുറത്തേക്കു വന്നു. മുന്നിൽ ഭീമാകാരനായ കടുവയെ കണ്ട് ജീവനും കൊണ്ട് ആദ്യത്തെ കടുവ കാട്ടിൽ മറഞ്ഞു.നായയ്ക്ക് പിന്നീട്, മറ്റു പല വലിയ മൃഗങ്ങളെയും നേരിടേണ്ടി വന്നു. അപ്പോഴെല്ലാം സന്യാസി തന്റെ മാന്ത്രിക ശക്തികൊണ്ട് നായയെ ആ മൃഗമാക്കി മാറ്റി. ചുരുക്കി പറയാമല്ലോ, ഓരോ തവണയും നായ രക്ഷപെട്ടു.

ദിവസങ്ങൾ കഴിഞ്ഞു. ഒരിക്കൽ നായ തന്നെയൊരു സിംഹമാക്കണമെന്നു പറഞ്ഞു കൊണ്ടാണ് ഗുഹയിലെത്തിയത്. കാട്ടിലെ രാജാവായ സിംഹത്തെ തോൽപ്പിക്കണമെങ്കിൽ അതേ വഴിയുള്ളുവെന്ന് നായ പറഞ്ഞു. സന്യാസി തന്റെ മന്ത്രശക്തി കൊണ്ട് നായയെ ഒരു സിംഹമാക്കി.ഇനി തനിക്ക് ആ രൂപം മതിയെന്ന് നായ

തീരുമാനിച്ചു.മറ്റ് ഒരു മൃഗത്തെയും ഭയപ്പെടേണ്ടല്ലോ. സിംഹം പുറത്തൊന്നും പോകാതെ ആ ഗുഹയിൽ കഴിഞ്ഞു കൂടി. കുറച്ചു കഴിഞ്ഞപ്പോൾ സിംഹത്തിനു വിശക്കാൻ തുടങ്ങി. പുറത്തു പോയി വേട്ടയാടാൻ അതിനു മടി തോന്നി. വിശപ്പടക്കാൻ സന്യാസിയെ തന്നെ ശാപ്പിടാമെന്ന് സിംഹം തീരുമാനിച്ചു.

സന്യാസി പുറത്തുപോയി മടങ്ങി വന്നപ്പോൾ അതാ സിംഹം ആക്രമിക്കാൻ തയ്യാറായി നിൽക്കുന്നു! അത് സന്യാസിയുടെ നേരെ ചാടി വീണു.
ഒരു ക്ഷണം. സന്യാസി മന്ത്രം ചൊല്ലി. അതോടെ സിംഹം പഴയ നായയായി. തന്റെ മുൻപിൽ വാലാട്ടി നിന്ന നായയെ സന്യാസി പുറത്താക്കി ഗുഹയുടെ വാതിലടച്ചു.

ഗുണപാഠം :: വന്ന വഴി മറന്ന് അഹങ്കരിക്കരുത്. അഹങ്കരിച്ചാൽ ഉള്ളതു കൂടി നഷ്ടമാകും....



-അജ്മൽ
8H.

# സ്മാർട്ട് ഫോണിലെ കെമിസ്ട്രി




സ്മാർട്ട് ഫോണുകളെസ്മാർട്ട് ആക്കുന്നതിൻ കെമിസ്ട്രിക്ക് വലിയ പങ്കാണുള്ളത് .പീരിയോടിക്ക് ടേബിളിലെ മൊബൈൽ ആക്ടീവ് അല്ലാത്ത 83 മൂലകങ്ങളിൽ 70 മൂലകങ്ങൾ, ഇതിൽ 60 -ൽ ഏറെ ലോഹങ്ങൾ ചേർന്ന ഫോണിനെ സ്മാർട്ട്- ആക്കുന്നത് റെയർ എർത്ത് കൂടുതൽ സ്മാർട്ട് ഫോണുകളുടെയും സ്ക്രീന് നിർമിച്ചിരിക്കുന്നത് 'അലൂമിനോ സിലിക്കേറ്റ് ' എന്ന - ദ്രിഡമായ ഗ്ലാസ്സ് കൊണ്ടാണ് . പൊട്ടാസിയം ഗ്ലാസിന്റെ ശക്തി കൂട്ടാൻ ഉപയോഗിക്കാറുണ്ട് . ഈ ഗ്ലാസുകളെ 'ഗൊറില്ല ഗ്ലാസുകൾ 'എന്നാണ് പറയുക

സ്മ്ർട്ട് ഫോണുകളുടെ ടച്ച് സ്ക്രീനിനെ 'കപ്പാസിറ്റീസ് ടച്ച് സ്ക്രീനുകൾ' എന്നാണ് പറയുക .സ്ക്രീനിൽ തൊടുമ്പോൾ ആ ഭാഗത്തുണ്ടാകുന്ന ചെറിയൊരു ഇലക്ട്രിക് വ്യതിയാനമാണ് മൊബൈൽ ഫോണിന്റെ പ്രവർത്തനം ക്രിത്യമായി നിയന്ത്രിക്കുന്നത് . ഗ്ലാസിന്റെ പുറത്ത് ഉപയോഗിച്ചിരിക്കുന്ന 'ഇൻഡിയം ടിൻ ഓക്സൈഡ് 'എന്ന സുതാര്യമായ വളരെ നേർത്തമായ ഒരു ആവരണമാണ് ടച്ച് സ്ക്രീനായി പ്രവർത്തിക്കാൻ ഗ്ലാസിനെ സഹായിക്കുന്നത്.

ഫോണിന്റെ തലച്ചോറായി പ്രവർത്തിക്കുന്ന ചിപ്പുകൾ ഉണ്ടാക്കിയിരിക്കുന്നത് സിലിക്കൺ, ആന്റിമണി, ഗാലിയം, ആർസെനിക്ക്, ഫോസ്ഫറസ്, ഇവയുടെയൊക്കെ സഹായത്താലാണ്. ഇലക്ട്രോണിക്സ് ഭാഗങ്ങൾ ഉണ്ടാക്കിയിരിക്കുന്നത് കോപ്പർ, സിൽവർ, ഗോൾഡ്, സിങ്ക്, നിക്കൽ, എന്നീ മൂലകങ്ങൾ, കൊണ്ടാണ് സർ-ക്യൂട്ടുകൾ, ചേർത്തിരിക്കുന്നതെങ്കിലും . ഉപയോഗിക്കുന്ന സോൾടറിൽ ടിൻ, കോപ്പർ, സിൽവർ, എന്നീ മൂലകങ്ങളാണ്.

മൊബൈൽ ഫോൺ ബാറ്ററി ലിഥിയം അയോൺ ആണ്. അതിൽ ലിഥിയം ,കൊബാൾട്ട്, കാർബൺ, അലൂമിനിയം, ഓക്സിജൻ, എന്നീ

മൂലകങ്ങൾ കാണാം. ഫോണിലെ സ്പീക്കറിനുള്ളിലെ കാന്തത്തിൽ ഉപയോഗിക്കുന്നത് പ്രാസോഡിമിയം ,നിയോമിയെ, ഗാഡോലിനിയം, എന്നീ ലോഹങ്ങളുടെ മിശ്രിതമാണ്. ഫോൺ വൈബ്രേറ്റ് ചെയ്യാനുള്ള യൂണിറ്റിൽ നിയോഡിമിയവും ടർബിയവും ഉപയോഗിക്കുന്ന ഫോണിന്റെ ആപരണത്തിൽ നിക്കൽ, മഗ്നീഷ്യം, ഇവ ഉപയോഗിക്കുന്നു...

സ്മാർട്ട് ഫോണുകൾ ഉപയോഗിക്കുമ്പോൾ ഹാർഡ് വെയറിനും , സോഫ്റ്റ് വെയറിനുമൊപ്പം മെറ്റീരിയൽ കെമിസ്ട്രിക്കും നന്ദി പറയേണ്ടതുണ്ട് .............



-രശ്മി.ജി
HST കെമിസ്ട്രി

# ചെന്നായയും ആട്ടിൻകുട്ടിയും



ഒരിക്കൽ കുറെ ആട്ടിൻപറ്റം കാട്ടിലൂടെ മേഞ്ഞു നടക്കുകയായിരുന്നു. കൂട്ടത്തിലൊരു കുഞ്ഞാട് കൂട്ടം തെറ്റിപ്പോയി. കൂട്ടുകാരെല്ലാം കുറെ ദൂരെ എത്തിക്കഴിഞ്ഞതൊന്നും അവനറിഞ്ഞില്ല. അവൻ അറിയാത്ത മറ്റൊരു കാര്യം കൂടി ഉണ്ടായിരുന്നു; ഒരു ചെന്നായ അവന്റെ പിന്നാലെ നടക്കുന്ന കാര്യം! കുഞ്ഞാട് തനിച്ചാണെന്ന് ഉറപ്പു വരുത്തിയ ശേഷം ചെന്നായ അവനു മേൽ ചാടി വീണു."ആട്ടിറച്ചി കഴിച്ചിട്ട് നാളേറെയായി," ചെന്നായ നാവു നൊട്ടി നുണഞ്ഞുകൊണ്ട് പറഞ്ഞു.

രക്ഷപെടാൻ ഒരു മാർഗത്തിനായി കുഞ്ഞാട് തലപുകഞ്ഞാലോചിച്ചു. അവൻ എങ്ങനെയൊക്കെയോ ധൈര്യം സംഭരിച്ച് ചെന്നായയോട് സംസാരിക്കാൻ തുടങ്ങി. "എന്നെ തിന്നോളൂ. പക്ഷേ , രുചിയുള്ള ആട്ടിറച്ചി തിന്നണമെങ്കിൽ അല്പം കാത്തിരിക്കണം."

"അതെന്താ?" ചെന്നായ അന്തം വിട്ടു.

"ഞാൻ ഇപ്പോൾ വയറുനിറച്ചും പുല്ല് തിന്നതേയുള്ളൂ . ഇപ്പോൾ എന്നെ തിന്നാൽ പുല്ല് തിന്നുന്നതു പോലിരിക്കും."ആട്ടിൻകുട്ടി പറഞ്ഞു ." അതു ശരിയാണല്ലോ! " ചെന്നായയ്ക്കു തോന്നി.

"പുല്ലൊക്കെ ദഹിച്ചു കഴിഞ്ഞാൽപ്പിന്നെ ആട്ടിറച്ചിയുടെ രുചി കൂടും , അറിയില്ലേ? "

കുഞ്ഞാട് വീണ്ടും പറഞ്ഞതു കൂടി കേട്ടതോടെ ചെന്നായയ്ക്ക് കൊതി സഹിക്കാനായില്ല. "ഹും ! ദഹിക്കാൻ എത്ര സമയം വേണം? " ചെന്നായ ചോദിച്ചു.

നൃത്തം ചെയ്താൽ വേഗം ദഹിക്കും. എന്റെ കഴുത്തിൽ കെട്ടിയ ഈ മണി ഒന്നു കിലുക്കിത്താ . എന്നാലേ എനിക്ക് നൃത്തം ചെയ്യാൻ തോന്നൂ ." കുഞ്ഞാട് പറഞ്ഞു. എന്നിട്ടു സ്വന്തം കഴുത്തിലെ മണി അഴിച്ചെടുത്ത് കൊടുത്തു. ചെന്നായയ്ക്ക് സന്തോഷമായി. എന്നിട്ട് കുഞ്ഞാട് കൊടുത്ത മണി ആഞ്ഞാഞ്ഞ് കിലുക്കിത്തുടങ്ങി.ണിം.....ണിം.

കുഞ്ഞാട് മണി കിലുങ്ങുന്ന ശബ്ദത്തിനനുസരിച്ച് നൃത്തം ചെയ്യാനും തുടങ്ങി.മണിയുടെ ഉച്ചത്തിലുള്ള ശബ്ദം അപ്പോഴാണ് ആട്ടിടയൻ കേട്ടത്. അയാൾ വന്നു നോക്കുമ്പോഴതാ തന്റെ കുഞ്ഞാടിനടുത്ത് ഒരു ചെന്നായ നിന്ന് മണി കിലുക്കുന്നു! അയാൾ കൈയിലുള്ള വടിയെടുത്ത് ചെന്നായയുടെ മുതുകത്ത് .....
പ്ടെ..!
"ഹമ്മോ..." ചെന്നായ കരഞ്ഞു കൊണ്ട് ഒറ്റയോട്ടം!
ഗുണപാഠം :അപകടസമയത്ത് വേണ്ടതുപോലെ ബുദ്ധി ഉപയോഗിച്ചാൽ രക്ഷപെടാം



- അഫ്സൽ
8 G

# അപ്പൂപ്പനും അമ്മൂമ്മയും ചാമ്പങ്ങയും

ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു.
അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി.
ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക് ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീടുകളിലെ കുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം. "
ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കാം."
അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു.അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെ കണ്ടു കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോ പറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി.

അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി.
അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന് തല പുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മക്കൊരു ഒരു ബുദ്ധി തോന്നി.
അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി താഴേക്കിടണം. ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം. ഞാൻ അതിനെ അടിച്ചു കൊല്ലാം."
അപ്പൂപ്പൻ സമ്മതിച്ചു.

അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ പുതച്ചു മൂടി ഇരുന്നു. അമ്മൂമ്മ ചാമ്പ മരത്തിന്റെ ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും

മരപ്പട്ടി വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ ഇരുന്ന് ഉറങ്ങിപ്പോയി. ഉറങ്ങി മരത്തിൽ നിന്നു താഴേക്കു വീണു. രാത്രിയല്ലേ അമ്മൂമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളൂ! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ച് അപ്പൂപ്പനെ അടിയോടടി.

അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. നിലവിളിക്കുന്ന ശബ്ദം കേട്ടപ്പോൾ അമ്മൂമ്മക്ക് തോന്നി."ഇത് മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വരം ആണല്ലോ ?" അമ്മൂമ്മ പുതപ്പു മാറ്റി നോക്കിയപ്പോൾ , അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി.
പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻ
തുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും സന്തോഷം തോന്നി.

ഗുണപാഠം : നമ്മുക്കുള്ളത് മറ്റുള്ളവരുമായി പങ്കു വച്ചാൽ സന്തോഷം ഇരട്ടിയാകും ....



-

സംഗീത്
6 C

# ചിണ്ടൻ എന്ന ചെണ്ടക്കാരൻ

ഒരിക്കൽ ഒരിടത്ത് വയസ്സനായ ഒരു ചെണ്ടക്കാരനുണ്ടായിരുന്നു. അയാളുടെ പേര് ചിണ്ടൻ എന്നായിരുന്നു. അയാൾക്ക് ആകെയുള്ളത് ഒരു പഴഞ്ചൻ ചെണ്ടയായിരുന്നു. ചിണ്ടൻ ചെണ്ട കോട്ടാൻ തുടങ്ങിയാൽ എല്ലാവരും കളിയാക്കും. അപ്പോൾ ചിണ്ടന് സങ്കടം വരും.
എങ്കിലും ആഘോഷം വരുമ്പോൾ ചിണ്ടനും കൊട്ടാൻ പോകും.
ഒരിക്കൽ രാജാവ് ആ നാട്ടിൽ വരാൻ തീരുമാനിച്ചു. രാജാവിനെ സ്വീകരിക്കാൻ ഉഗ്രൻ ചെണ്ടമേളം വേണം - നാട്ടുകാർ തീരുമാനിച്ചു. ആ നാട്ടിൽ രണ്ടു ചെണ്ടക്കാർ കൂടിയുണ്ടായിരുന്നു - കിണ്ടുവും ടുണ്ടുവും. ചെണ്ട കൊട്ടി രാജാവിനെ സ്വീകരിക്കാൻ കിണ്ടുവിന്റേയും ടുണ്ടുവിന്റേയും കൂടെ ചിണ്ടനും പുറപ്പെട്ടു.

വഴിയിൽ അവർ വിശ്രമിക്കാനായി ഒരു മരച്ചുവട്ടിൽ ഇരിപ്പായി. ചിണ്ടൻ അങ്ങനെയിരുന്നു ഉറങ്ങിപ്പോയി. അപ്പോൾ കിണ്ടു ടുണ്ടുവിനോട് പറഞ്ഞു: "ഇതു തന്നെ തക്കം! നമുക്ക് മിണ്ടാതെ സ്ഥലം വിടാം ! ഈ കിളവന്റെ പഴഞ്ചൻ ചെണ്ടമേളം കേട്ടാൽ രാജാവിനു ദേഷ്യം വരും."

കിണ്ടുവും ടുണ്ടുവും സൂത്രത്തിൽ സ്ഥലം വിടാനൊരുങ്ങി. പക്ഷെ ഇതെല്ലാം മറ്റൊരാൾ കാണുന്നുണ്ടായിരുന്നു - മരത്തിനു മുകളിലെ വനദേവത!

പാവം ചിണ്ടനെ പറ്റിച്ചു കടക്കാൻ നോക്കുന്ന കിണ്ടുവിനേയും ടുണ്ടുവിനേയും ഒരു പാഠം പഠിപ്പിക്കാൻ ദേവത തീരുമാനിച്ചു. ദേവത എന്തു ചെയ്തെന്നോ? മന്ത്രം ചൊല്ലി രണ്ടുപേരെയും ഉറക്കി!

പിന്നെ ദേവത മാന്ത്രികാവടികൊണ്ട് ചിണ്ടന്റെ ചെണ്ടയിൽ ഒന്നു കൊട്ടി. 'ണ്ടിം!'. ആ ശബ്ദം കേട്ട് ചിണ്ടൻ ഉറക്കമുണർന്നു.

എല്ലാം മറന്നുറങ്ങുകയായിരുന്ന കൂട്ടുകാരെ വിളിച്ചുണർത്താൻ ചിണ്ടൻ കുറേ ശ്രമിച്ചു.പക്ഷേ , ദേവത മന്ത്രം ചൊല്ലി മയക്കിയ

അവരുണ്ടോ ഉണരുന്നു! നിരാശനായ ചിണ്ടൻ ചെണ്ടയും ചുമലിലേറ്റി ഒറ്റയ്ക്ക് നടപ്പായി.

രാജാവ് ഗ്രാമത്തിന്റെ കവാടത്തിൽ എത്തിയിരുന്നു. ചെണ്ടക്കാരെ കാണാതെ പരിഭ്രമിച്ചു നിൽക്കുകയായിരുന്നു എല്ലാവരും. അപ്പോഴാണ് ചിണ്ടന്റെ വരവ്.

"ഹും , താൻ മാത്രമേ ഉള്ളോ? " അധികാരി ദേഷ്യപ്പെട്ടു. "കുറേപ്പേർ വന്നു ചെണ്ടമേളം കേമമാക്കണമെന്ന് പറഞ്ഞിരുന്നതല്ലേ? രാജാവിന് ദേഷ്യം വന്നാൽ തന്റെ കാര്യം പോക്കാ!"
അതു കേട്ട മറ്റൊരാൾ പറഞ്ഞു: "ആലോചിച്ചു നിൽക്കാനൊന്നും സമയമില്ല. വേഗം കോട്ടു തുടങ്ങു. രാജാവ് എത്തിക്കഴിഞ്ഞു." ചിണ്ടൻ രണ്ടും കല്പിച്ചു കൊട്ട് തുടങ്ങി. മാന്ത്രികവടികൊണ്ടു ദേവത കൊട്ടിയതല്ലേ ! മധുരമായ ശബ്ദമാണ് അതിൽനിന്നു പുറത്തു വന്നത്. അനേകം ചെണ്ടക്കാർ ഒന്നിച്ചു കൊട്ടുന്ന ഗംഭീരമേളം !

നാട്ടുകാർ അന്തംവിട്ടു നിന്നു. ചിണ്ടൻ എല്ലാം മറന്നു കൊട്ടോടുകൊട്ട്! അത്രയും നല്ല മേളം ആരും കേട്ടിരുന്നില്ല.

രാജാവ് അത്ഭുതത്തോടെ ചിണ്ടനെ അടുത്ത് വിളിച്ചു ധാരാളം സമ്മാനങ്ങൾ കൊടുത്തു!

ഗുണപാഠം ::ആരെയും നിസ്സാരരായി കണ്ടു കളിയാക്കരുത് .



- അദ്വൈത സേനൻ

9E

# ഗുരു ദൈവത്തിനു സമം

അക്ഷരലോകത്തേക്ക് കൈ പിടിച്ചു ഉയർത്തിയദു ഗുരുക്കന്മാർ. അറിവിന്റെ പാതയിൽ വെളിച്ചവുമായ് നടന്ന അധ്യാപകരെ ഓർക്കാൻ ഒരുപാട് അനുഭവങ്ങൾ കാണും വിദ്യാർത്ഥികൾ. അധ്യാപകരെ ഓർക്കാൻ വേണ്ടി അവർക്ക് ആയി ഒരു ദിനം. അധ്യാപകനും ഇന്ത്യയുടെ രാഷ്ട്രപതി യുമായും ലോകോത്തര തത്വചിന്തകനുമായ ഡോ. രാധ കൃഷ്ണന്റെ ദിനം ആയി ആചാരിയ്ക്കുന്നതു. നമ്മുടെ രാജ്യത്തെ പശചത്യ വതകാരണവുംപശച്ചാത്യ സംസാരിക അതിനീ വേഷവും നമ്മുടെ സാംസ്കാരിക തനിമയെ കാർന്നു തിന്നുകയാണ്. അച്ഛനും മക്കളും സമൂഹവും ഒക്കെ തമ്മിലുള്ള ബന്ധം പണ്ടത്തെക്കാൾ മോശം ആയിക്കോണ്ടിരിക്കുക യാണ്. പക്ഷെ ഈ അവസ്ഥയിലും അധ്യാപകർക്ക് സമൂഹത്തിൽ ഉണ്ടാകുന്ന വില കോട്ടം തട്ടാതെ തന്നെ നിലനിൽക്കുന്നു. അധ്യാപകരുടെ വിശുദ്ധമായ ജീവിതവൃത്തിയുടെ ബാക്കി പത്രം അധ്യാപന കാലത്തു അവരിൽ നിക്ഷേപിക്കുന്ന സ്നേഹ അധരങ്ങൾ ആണ്. മാതാ പിതാ ഗുരു ദൈവത്തിനേക്കാൾ ഉയർന്നവരാണ്. അറിവ് പകർന്നു തരുന്നത് ആരോ അത് അധ്യാപകൻ. വിവേചനം ഇല്ലാതെ കുട്ടികളെ സ്വന്തം മക്കൾ എന്ന് കരുതി ഓരോ അറിവുകളും നമ്മുടെ ജീവിതത്തിൽ വെളിച്ചം ആക്കി നൽകുന്ന നമ്മുടെ അധ്യാപകർ ആയിരിക്കണം നമ്മുടെ ഓരോരുത്തരുടെയും മാതൃക.



-

അഞ്ജന. ആർ
10 F

## Quotes

* "വിവേകമില്ലാത്ത മനുഷ്യൻ സുഗന്ധമില്ലാത്ത പുഷ്പത്തെപ്പോലെ വലിച്ചെറിയപ്പെടുന്നു

-സ്വാമി വിവേകാനന്ദൻ

* " അവസര ഒന്നിലധികം നിങ്ങളുടെ വാതിൽക്കൽ മുട്ടുകയില്ലേന്ന് അപ്പോഴും ഓർക്കുക"

-ഹസ്രത്ത് അലി

* "മനുഷ്യന്റെ സകല കഴിവുകളുടേയും വികസനമണ് വിദ്യാഭ്യാസം"

-കൊമിനിയാസ്

* "നമ്മൾ രസിച്ച് പഠിക്കുന്നത് ഒരിക്കലും മറക്കുന്നില്ല"

-അൽഫ്രഡ് മെഴ്സിയർ

* "പഠിപ്പ് ദരിദ്രർക്ക് സാമ്പത്ത്, ധനികർക്ക് ബഹുമതി, യുവാക്കൾക്ക് സഹായം,വൃദ്ധർക്ക് താങ്ങും തണലും"

-ലാവറ്റൻ

* "മടിയന്മാരുടെ പ്രവർത്തിദിവസം എന്നും നാളെ ആയിരിക്കും"

-യൂങ്ങ്

* "തോൽക്കാതിരിക്കാനുള്ള ഉറച്ച വഴി, ജയിച്ചേ അടങ്ങൂ എന്ന നിശ്ചയം തന്നെ "

-ഷെറിഡൻ

* "വായിക്കുന്നതല്ല ഓർമിച്ച് വെക്കുന്നതാണ് നമ്മെ വിജ്ഞരാക്കുന്നത്"

-ഹെൻടി ബീച്ചർ

* "അനുഭസാമ്പത്താണ് വിവേകത്തിന്റെ പിതാവ്. ഓർമശക്തിയാകട്ടെ അതിന്റെ മതാവുമണ്"

-തോമസ് മുള്ളർ

-അർജ്ജുൻ വി റോയി
(പൂർവ്വ വിദ്യാർത്ഥി)

# Mathematics club Report

പാസ്കൽ ഡേ ( ജൂൺ 19 ) ആയി ബന്ധപ്പെട്ട് ബ്ലൈസ് പാസ്കൽ എന്ന ഗണിത ശാസ്ത്രന്ജഞന്റെ സംഭാവനകളെ കുറിച്ച് 10:ഐ ലെ Priya Y സെമിനാർ അവതരിപ്പിച്ചു. U P വിഭാഗം കുട്ടികൾ തയാറാക്കിയ Charts അവതരിപ്പിച്ചു.

<u>സബ്ജില്ല ഗണിത ശാസ്ത്രമേള വിജയികൾ</u>

Mathematics Quiz :Anoop B 3rd(10)
Nunber chart :Nandana A S(9:G) 1st A grade
Geometrical chart : Devi Nandana S ( 9:I) 2nd A grade
Game : Goutham R (9:I) 2nd A grade
Working model : Saneeth S ( 9:E)3rd A grade
Applied construction : Archa V (9:I) 3rd A grade
Pure construction : Sneha lekshmi (9:F) 3rd A grade
Bhaskaracharya seminar : Anjana J (10:I) 2nd A grade

ജില്ലാതല വിജയികൾ

Geometrical chart : Devi Nandana S( 9:I)2nd A grade
Game : Goutham R (9:I) A grade
Number chart : Nandana A S(9:G) A grade
Seminar : Anjana J (10: I) A grade

<u>സംസ്ഥാനതലം</u>
Geometrical chart : Devi Nandana S (9:I)
4th A grade



ശ്രീമതി വിനീത
HST മാത്സ്

## OUR BELOVED
## A. P. J ABDUL KALAM



'Man' what a beautiful word it is! This beautiful quote from the renowned Russian novelist Maxim Garky is the most suitable description for A.P.J. Abdul kalam can we ever think of any other man as beautiful as Kalam who is the hallmark or thinking inspiration, Exciting dreams and noble ideas ? A.P.J Abdul kalam Can we ever think of any other man as beautiful as Kalam who is the hallmark or thinking inspiration, Exciting dreams and noble ideas? Abdul Kalam was the biggest source of inspiration that India has seen after Swami Vivekanada. Born into a humble family at Rameswaram, Abdul Kalam grew up into a highly skilled engineer. He dedicated his life to make India equal to the developed nations. He made India self reliant in the missile technology. He taught Indians how to implement complicated projects with discipline. He made a big platform for science and technology for India by giving training to young

**engineers and scientist .He trained Indians to dream high .He elevated the entire country on to the highest peak of inspiration. He discovered the essence of all religious and presented before us. Let us fill our hearts with the radiance of that smile. Let us work and let us create a great India and world at that time. Together lets bow our heads and pray for eternal peace to the noble soul of our beloved A P J Abdul Kalam.**



-Bibina

**9 E**

# BUTTERFLY

Butterfly,Butterfly
How do you fly?
Do you have tiny wings?
Yes I have colourful wings
Butterfly,Butterfly
Why are you so happy
Can you fly so long
Yes I can fly with my beautiful wings
Butterfly,Butterfly!
What do you drink?
Yes I drink the sweet honey
It is from the flowers of garden



-

Vyshnavi.B
6E

# Chandrayan 2

The launch of the Chandrayaan-2 is known as the most complex mission in the history of ISRO. It weighs 3.8 tons. If the mission is successful, India will be the first country to launch an exploratory spacecraft on the Moon's South Pole.

After launching from Sriharikota , the Orbiter will reach orbit about 100 km above the Moon. The lander module, including the rover, will then fly off to the lunar surface. After arriving on the moon, the rover will detach from the lander and explore the surface. The launch was originally scheduled for May. But the Falcon mission, Israel's expedition, had failed to land on the moon. The Chandrayan-2 mission is expected to be launched after further tests and ways of dealing with the crisis.

The launch of Chandrayan-2 was originally scheduled for 14 July 2019 (15 July 2019 2:51 IST). However, the launch was cancelled 56 minutes before launch due to a technical flaw in the launcher. The new launch date was then decided on July 22, and successfully launched Chandrayan 2 at 2.43 pm Indian time. Muttiah Woman is the project director. Mission Director is Ritu Karighal.



NIRANJAN KRISHNA

8C

## INTERESTING FACT OF DISCIPLINE

*Discipline is most important behaviour in our life. Do you know What does it mean?*

**D = is the 4th letter of Alphabet**

**I = is the 9th letter of Alphabet**

**S = is the 19th letter of Alphabet**

**C = is the 3th letter of Alphabet**

**I = is the 9th letter of Alphabet**

**P = is the 16th letter of Alphabet**

**L = is the 12th letter of Alphabet**

**I = is the 9th letter of Alphabet**

**N = is the 14th letter of Alphabet**

**E = is the 5th letter of Alphabet**

**All together discipline makes 100**

**3+9+19+3+9+16+12+9+14+5=100**

**that means Discipline makes a man 100% perfect.**

**Naveen Prasad 9 E**



## FRIENDSHIP

Friendship is a devoted relation between two people in which both of them have true feeling of love, care and affection to each other without any demands and misunderstanding. Generally friendship occurs between two people having same tastes, feelings and sentiments. It is considered that friendship has no any limitations of age, sex, position, caste, religion and creed but sometimes it is seen that economic disparity or other differentiation damages the friendship. Thus it can be said that true and real friendship is possible between two like a minded and uniform status people having feeling of affection to each other.

There are many friends in the world who always remains together at the time of prosperity but only true, sincere and faithful friends who never let us to be alone in our bad times, time of hardship and trouble. Our bad times make us realize us about our good and bad friends. Everyone has attraction towards the money by nature but true friends never make us feel bad when we become in need of money or other support. However, sometimes lending or borrowing of money from friends keeps friendship in great risk. Friendship may be

affected anytime by others or own so we need to make a balance in this relationship.

Sometimes friendship gets broken due to the ego and matter of self-respect. True friendship needs proper understanding, satisfaction, helping nature trust. True friend never exploits but tends to motivate each other to do right things in life. But sometimes the meaning of friendship becomes changed totally due to some fake and fraud friends who always use another one in wrong ways. Some people have tendency to unite as soon as possible but they also tend to terminate their friendship as soon as their interests become fulfilled. It is difficult to say something bad about the friendship but it is true that any careless person gets cheated in friendship. Now a day, it is very hard to find true friends in the crowd of bad and good people but if someone has true friend, no other than him is lucky and precious in the world.



- MALAVIKA S
9 E

# TRUE FRIENDSHIP

True friendship can be between human and human and human and animals. There is no any doubt that best friends help in our difficulties and bad times of the life. Friends always try to save us in our dangers as well as provide timely advice. True friends are like best assets of our life as they share our sorrow, sooth our pain and make us feel happy.



Keerthana S

9C

# Internet is an unavoidable thing in day to day life

Internet is an amazing product in our world. It has totally changed the world. It has made the connectivity faster and stronger than the older days. We use internet in daily life for many purposes. It is commonly used for emails ,data sharing, video calling,social websites etc. Internet is used both our public and personal life.

The role of importance of internet in education for students is a significant importance. It has made learning fast and easily accessible. Internet is the pace of the progress of the world has multiplied. We are living in the world of robot, and other internet assisted inventions of today .

But internet has two faces as coins. Internet double edged sword. There are certain merits and demerits of internet as well.



ARATHY

10 F

## FRIENDSHIP A BLESSING

Life is a vast sea and we are
the ships that sail........
Friendship is a gift from god......
It is ship that never sinks......
A friend is a treasure , and it is too
difficult to find first like a precious pearl...
But, I found a friend like such a pearl....
She is my cute rose .......
Friends are for every thing.... to share
secrets, words and thoughts...



SONA MOL
9 E

**WHY IS GANDHIJI CONSIDERED AS A MAHATMA-GANDHI THE GREAT SOUL?"**

The life of Mohandas Karam Chand Gandhi was a unique journey along the path of Greatness. He courageously proclaimed
that his life was his message. A simple man in a hand woven dhoti, believed that ones greatest weapon is one's own character.

Gandhi lived in troubled times when India's social and political existence was crushed by the mighty British empire. His clarity of vision and his mission ignited the minds of thousands of people. Under his leadership, the freedom struggle of India, for the first time, became a truly mass movement. He had no armies to command, yet the mightiest empire of all time was no match for his determined leadership, clear vision and the mighty character. Truly he was the greatest leader of India. Yet two million people

across the world. He was much more than that to them. He was a saint whose values will have ever lasting relevance. Its no wonder that the whole world came to worship him as a great soul -a Mahatma. It was Rabindranath Tagore the great poet who first addressed him as a Mahatma. And soon the whole world started this name with great respect and affection. A true name for our father of nation represent all that is noble about our noble heritage...



Danush

6 F

# The secret of Happiness

It is a common belief and it is right in itself, that happiness is a state of mind and that it has nothing to do with ones possessions, physical charms and even intellectual attainments.

We should bear in mind that the Buddha is the most rational among the philosophers and the considers ignorance a six and hence the cause of misery . Hence it is our duty to attain knowledge and increase the stock of bearing that we have. We should follow the path of truth, righteousness and sincerity to maintain peace of mind and give up such negative qualities as anger, desires, vanity, avarice, attachment, sloth etc.



DHANUTHRA P S
9 E

# Hindu Goodness in Alphabets

A=ALWAYS RESPECT OTHERS.

B=BE SELF CONFIDENT.

C=CULTIVATE GOOD HABIT.

D=DON'T THINK OF THE PAST.

E=ENDURE HARDSHIP PATIENTLY.

F=FIGHT COURAGEOUSLY AGAINST ILL FATE.

G=GO ON PERFORMING DUTIES. WITHOUT EXPECTING ANYTHING.

H=HARD WORK IS BLESSING.

I=IMITATE GOOD HABIT.

K=KEEP YOUR MIND CLEAN & FREE FROM HATE.

L=LET YOUR MIND BE GOOD ALWAYS.

M=MOULD YOURSELF WITH TIME.

N=NEVER TRY TO CHEAT ANYONE.

O=OBSERVE GOOD MANNERS.

P=PAST EXPERIENCES SHOULD BE A GUIDE TO AVOID MISTAKES.

Q=QUESTION YOURS THRICE , BEFORE BLAMING.

R=REASON & TRUTH MUST GUIDE YOU.

**S=SYMPATHIES WITH OTHER IN TIME OF ADVERSITY.**

**T=TAKE EVERY PROBLEM WITH A COOL HEART.**

**U=USE YOUR IMPROVEMENT POTENTIAL.**

**V=VENTURE MAY LEAD YOU TO BAD, SO AVOID IT.**

**W=WELCOME TO THE COUNCIL OF WELL-WISHER.**

**X=XENOPHOBIC IS A KIND OF COMPLEX, SO AVOID IT**

**Y=YIELD NOT TO EMDAMJAY IN HARDSHIP.**

**Z=ZEALOUSLY WORK FOR RIGHTEOUSNESS & SELFLESS SERVICE.**



**SOORAJ RAMESHAN**

**9E**

# Activities of English club

The English club 2019-20 was gathered in 9D class room in the presence of all English teachers of G. H.S.S Anchalummood. The teachers talked about the dream project of talking or speaking English in the school premises and in other circumstances. The children who are able to speak English fluently were selected to fulfil this project. They were assigned to do the duty of promoting the skill of English speaking skill among the children.

On 26 July 2019 a role play competition was held in the school auditorium So many group participated in it. One group was selected for 1st price.

The club meeting is conducted regularly and co-curricular activities are conducted. Role play, skits, recitation and speech of members are encouraged. In the month of August, charts were exhibited against war.

Roll play competition was conducted on July 28th in connection with Bernand Shah Day Ajaya Ghosh Sir and Boban Sir were the judges. The outstanding performers from each play were selected and given trophies. Using these children, the English club formed a group and they were given practice for the roll play competition for the district level. Our children were taken for the district level competition.

**Before the school level youth festival,the English club conducted recitation and elocution competition .**

**Poem writing essay writing competition were also held. Students responded very well and they participated lively.**

**Philomina Selvan**

**HST English**



# THE STORY OF SCIENCE

The history of science tells us the thrilling story of how human intellect developed. The word science originate from the Latin word 'scientia' which means knowledge . However, science us we known it now, is not a collection of bits of knowledge on the other hand, it refers to a systematic way of building up, organizing and handling knowledge in from of testable explanations and predictions Why? Is the base question that lead to the great enquiries of science. Early man wandered about everything be saw around him. The sun, star, moon, storm......etc brought countless questions into his mind and science came to be great scientific minds put together related facts, drew up general principles and thus paved the way for scientific thinking. Science is our most faithful medical attendant it. It shows every case for our health science as curd us of many diseases. Science has annihilated time a space. No kind of better blessing has happened in the history of man that the role of science.



SREE NANDAN
10 G

# FUN WITH MATHEMATICS

| | | |
|---|---|---|
| M | - | MEMORY |
| A | - | ACCURACY |
| T | - | TALENT |
| H | - | HARD WORK |
| E | - | ENTHUSIASM |
| M | - | MASTERING |
| A | - | ABILITY |
| T | - | TACT |
| I | - | INTELLIGENT |
| C | - | CLEVERNESS |
| S | - | SATISFACTION |



AKSHAY

10 D

# From a strictly mathematical view point

What equals 100% ? What does it mean to give more than 100% ?Ever wondered about these. People who say they are giving more than 100% ? We have all been in such situations when someone wants you to GIVE OVER.

100%

How about achieving 101 ?

What equals 100%in life ?

Here's a little mathematical formula that might help your answer these questions.

If,

ABCDEFGHIJKLMNOPQRSTUVWXYZ

As represented as ?

1,2,3,4,5,6,7,8,9,10,11,12,13,14,15,16,17,18,19,20,21, 22,23,24 ,25,26

**If**

**H-A-R-D-W-O-R-K**

**8+1+18+4+23+15+18+11=98%**

**and**

**K-N-O-W-L-E-D-G-E**

**11+14+15+23+12+5+4+7+5=96%**

**but;**

**A-T-T-I-T-U-D-E**

**1+20+20+9+20+21+4+5=100%**

**Then, look,how for the love of god will take you;**

**L-O-V-E-O-F-G-O-D**

**12+15+22+5+15+6+7+15+4=101%**



**AFNA**

**10 F**

# Mistakes

If a policeman makes a mistake, it is a new law.

If a barber makes a mistake, it is a new style.

If a doctor makes mistake, it is

an operation.

If a engineer makes a mistake, it is a new venture.

If a driver makes a mistake, it is an accident.

If a tailor makes a mistake, it is a fashion.

If a scientists makes a mistake, it is a new theory.

If a teacher makes a mistake, it new subject.

If a student makes a mistake, it is a mistake.

What a world it is!!!!!



ASWATHY

10 F

# MY MOTHER

Of all the person in world , my mother loves me the most and I also love her from the core of my heart. To me she is like a goddess who take all kind of pain and care for my sake. When I am sick,she spends sleepless nights at my sick
bed when i come first in my class examination she becomes perhaps the happiest person on earth.
Mother stands For
M- Mother is a precious Jewel.
O- Our love is deeper than ocean.
T- True love and affection in full.
H- Having a Heart of a gold inside.
E- Everyday your blessings save me.
R- Repay it I can never.

WHAT IS LIFE

Literature : Life is like a Shakespearean play where

the course of true love never runs smooth.

Botany : Life is like a flower which blooms when manured by riches of this world.

Geography: Life is like a dormant volcano which becomes on action volcano on loosing one's temper.

History : Life is like a history in Which we become the conquerors according to our bravery.

Mathematics: Life is like mathematics, adding friends, subtracting enemies, dividing sorrows and multiplying joys by factorizing sorrows.



ARJUN

10 D

# PROUD TO BE AN INDIAN

**India is the motherland of might and glory. Its past reflects its development and progress. Seeing this devastating change ,I'm proud to be an Indian. India is not only geographically vast but also has a splendid culture. There are about 29 states in India and each state has its own speciality. The people of India have diverse physical features . They speak different traditions and costumes but,in spite of all these external differences,they have**

**one thing in common the feeling of being an Indian and hence, "UNITY IN DIVERSITY" is used to describe the social fabric of India. There was a time when other countries refused to share their science and technology with India, when this great mother gave birth to great sons like**

**Dr.Homo Bhabha Vikram Sara Bhai,C V Raman who with their effort made India progress in fields**

of science and technology . India is also consider to be a holy land . Great poet and saints of India taught the world philosophy and

legends. She is a mother of wisdom, worship and work. She is our motherland. The untold heroic acts of our brave men are much more than what we know today and so, I’m proud of my motherland and my incredible India.



**AZNA**

**9 F**

# OUR NATIONAL FLAG

Every country has its national flag. Our country also has a national flag, it has three colour on it -saffron , white and green colour standards for coverage with colour stand fortune. In the centre of white colour their is Ashoka chakra..... it stands for victory. Our national flag is the sign of the glory of our country. It direct us to lay down our lives for the sake of our country.. The national flag is hoisted by our prime minister at red fort on independence day. It is also hoisted on the republic day every year our national flag is also honoured by the people of other countries. Nobody in the world can dishonour it. We consider its honour more serious than our lives. Our national flag is very beautiful. We are proud of our national flag.



Malavika R

9 G

## Quotes for a happy life

* You don’t need someone to you only need someone to accept you.
* One of the simplest ways to say happy is letting go off things that makes you sad.
* We tend to forget that happiness doesn’t come as a result of getting something we don’t have,but rather of recognizing and accepting what we do have.
* Let go forget the burdens of the past.
* Be whoever you want to be.
* Think positively
* Remember that everything happens for a reason.
* Live your life with purpose.
* Take responsibility.
* Smile.
* Life is short break the rules,forgive quickly ,love truly, laugh uncontrollably and never regret anything that made you smile.
* Create your own style,let it be unique for yourself and identifiable for others .

* The only difference between a good day and a bad day is your attitude.

* Always do what you are afraid to do.

* Be the best version of you.



Bhagya

9 D

# TIME IS PRECIOUS

The most precious thing in our life is time we might have hear the saying time and tied weight for none. It means that ones lost time cannot be gained back. Therefore we should be careful not to waste it. God gives everyone 24 hours a day. But he doesn’t say how that time is to be used . It is our responsibility. We must plan our activities if we will plan well we will not waste much time. Those who do it well surely profit more. If we spent all the day time for playing we will surely fail. If one spends all the night for sleeping , he will not gain much in life. We must get up early in the morning. Before going to the school we must study for sometime in the evenings we should have a fixed time for games time is precious us don’t waste it.



Goutham

9 I

# ലിറ്റിൽ കൈറ്റ്സ് അഞ്ചാലുംമൂട് - മികവിന്റെ സാക്ഷ്യങ്ങൾ

## കേരള സർക്കാറിന്റെ ലിറ്റിൽ കൈറ്റ്സ്-2019 പുരസ്കാരം






ഒരു വർഷത്തെ പ്രവർത്തന മികവിന് അർഹിച്ച, ആഗ്രഹിച്ച അംഗീകാരം. സംസ്ഥാനത്തെ മികച്ച രണ്ടാമത്തെയും ജില്ലയിലെ ഒന്നാമത്തെയും ലിറ്റിൽ കൈറ്റ്സ് യൂണിറ്റായി തിരഞ്ഞെടുത്തു.

## നാഷണൽ റോബോട്ടിക്സ് ചാമ്പ്യൻഷിപ് 2020

നാഷണൽ റോബോട്ടിക്സ് ചാമ്പ്യൻഷിപ്പിന് മുന്നോടിയായി മുംബൈ ഐ ഐ ടി, ഇന്ത്യയിലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ നടത്തുന്ന മേഖലാതല ദ്വിദിന ശില്പശാലയ്ക്ക അഞ്ചാലുംമൂട് ഗവണ്മെന്റ് ഹൈസ്കൂളിൽ തുടക്കം കുറിച്ചു. എം എൽ എ ശ്രീ എം. മുകേഷ് ശില്പശാല ഉത്ഘാടനം ചെയ്തു.



# യന്തിരന്മാർ തയ്യാർ...

നാഷണൽ റോബോട്ടിക് ചാമ്പ്യൻഷിപ്പിന് മുന്നോടിയായി അഞ്ചാലുംമൂട് ഗവണ്മെന്റ് ഹൈസ്കൂളിൽ നടന്ന മേഖലാതല ദ്വിദിന ശില്പശാലയിൽനിന്ന്

രതീഷ് രവി

യന്തിരന്മാരെ നിർമിക്കാനുള്ള 'സൂത്രവാക്യം' കേട്ടപ്പോൾ കൗതുകംകൊണ്ട് അവരുടെ മുഖം വിടർന്നു. പരിശീലകർ പിന്നെ റോബോട്ടുകളുടെ നിർമാണരീതി പരിചയപ്പെടുത്തി. ഇനി ഞങ്ങൾ ഒരു റോബോട്ടിനെ നിർമിച്ചാലോ എന്നായി കുട്ടികൾ. സമ്മതംമൂളിയ അധ്യാപകർ ഒപ്പംകൂടി. ഭാവനയും സാങ്കേതികമികവും സമന്വയിപ്പിച്ച് കുട്ടികൾ റോബോട്ടുകളെ രൂപപ്പെടുത്തി.

നാഷണൽ റോബോട്ടിക് ചാമ്പ്യൻഷിപ്പിന് മുന്നോടിയായി മുംബൈ ഐ.ഐ.ടി., ഇന്ത്യയിലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ നടത്തുന്ന മേഖലാതല ദ്വിദിന ശില്പശാല അഞ്ചാലുംമൂട് ഗവണ്മെന്റ് ഹൈസ്കൂളിലാണ് നടന്നത്.

മുംബൈ ഐ.ഐ.ടി. ഇന്നൊവേഷൻ സെൽ, റോബോകാർട്ട് മുംബൈ, അഞ്ചാലുംമൂട് ഗവ. ഹയർ സെക്കൻഡറി സ്കൂൾ, ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലായിരുന്നു ശില്പശാല. ജില്ലയിലെ 19 സ്കൂളുകളിലെ ആറാംക്ലാസുമുതൽ പന്ത്രണ്ടാംക്ലാസുവരെയുള്ള കുട്ടികൾ പങ്കെടുത്തു. എൻ.ആർ.സി.ഇന്ത്യ ടീമിലെ അധ്യാപകരാണ് ക്ലാസ് നയിച്ചത്. റോബോട്ടിക്സുമായി ബന്ധപ്പെട്ട് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടന്ന ആദ്യത്തെ ക്യാമ്പായിരുന്നു ഇത്. റോബോട്ടുകളുടെ നിർമാണവുമായി ബന്ധപ്പെട്ട മത്സരത്തിൽ 22 ടീമുകൾ പങ്കെടുത്തു.

മൂന്ന് ടീമുകളിലെ 15 കുട്ടികൾ വിജയികളായി. ഇവർക്ക് അടുത്ത ഘട്ടത്തിൽ മുംബൈയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം. കൂടാതെ 15 കുട്ടികൾക്കുമായി 1,500 രൂപ വിലയുള്ള കിറ്റ് (സ്കൂളിന് ഒന്ന്) എന്നരീതിയിൽ നൽകി.

പങ്കെടുത്ത എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റും തിരഞ്ഞെടുക്കപ്പെട്ടവർക്ക് എക്സലൻസ് അവാർഡും നൽകി. ക്യാമ്പ് വേറിട്ട അനുഭവം നൽകിയെന്ന് കുട്ടികൾ പറയുന്നു.

മുംബൈ ഐ.ഐ.ടി.യിൽ നടക്കുന്ന ദേശീയ മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ടീമുകൾ: വി.വി.എച്ച്.എസ്.എസ്.അയത്തിൽ, ജി.എച്ച്.എസ്.എസ്. അഞ്ചാലുംമൂട് (ഹൈസ്കൂൾ വിഭാഗം), ജി.എച്ച്.എസ്.എസ്. അഞ്ചാലുംമൂട് (ഹയർ സെക്കൻഡറി വിഭാഗം).

കഴിഞ്ഞവർഷം സംസ്ഥാനത്തെ ഏറ്റവും മികച്ച രണ്ടാമത്തെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റായി അഞ്ചാലുംമൂട് ഗവ. ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനെ തിരഞ്ഞെടുത്തിരുന്നു. സമ്മാനമായി ലഭിച്ച മൂന്നുലക്ഷം രൂപ സാങ്കേതികപഠനത്തിന് ഉപയോഗപ്പെടുത്തുകയായിരുന്നു അവർ. അഞ്ചാലുംമൂട് ഗവ. ഹയർ സെക്കൻഡറി സ്കൂളിന് ലഭിച്ച ക്യാമ്പിൽ മറ്റുള്ള വിദ്യാലയങ്ങളെക്കൂടി ഉൾപ്പെടുത്തുകയായിരുന്നു.

എം.മുകേഷ് എം.എൽ.എ. ശില്പശാല ഉദ്ഘാടനം ചെയ്തു. ഡിവിഷൻ കൗൺസിലർ എം.എസ്.ഗോപകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രഥമാധ്യാപിക സലീന ബീവി, കൊല്ലം ഡി.ഇ.ഒ. സന്തോഷ്കുമാർ, കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർ ശ്രീനിവാസൻ, മാസ്റ്റർ ട്രെയ്നർ കണ്ണൻ ഷൺമുഖം, പി.ടി.എ. പ്രസിഡന്റ് ഷാജഹാൻ, ലിബുമോൻ, സുരേഷ്ബാബു, ജിജ, സുരാജ്, കൃഷ്ണകുമാർ, രശ്മിമോൾ, ലിറ്റിൽ കൈറ്റ്സ് ലീഡർ മാളവിക എന്നിവർ സംസാരിച്ചു.

# ഞാനും പങ്കെടുത്ത ഒരു ദേശീയ മത്സരത്തിൽ .....

(അനുഭവക്കുറിപ്പ് )



ജീവിതത്തിലെ ഏറ്റവും അഭിമാനം തോന്നിയ സന്ദർഭം .മുംബൈ ഐ ഐ ടി യും റോബൊകാർട്ടും ചേർന്ന് മുംബൈ ഐ ഐ ടി ൽ വച്ച് സംഘടിപ്പിക്കുന്ന നാഷണൽ റോബോട്ടിക്സ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുവാൻ ഒരവസരം ലഭിച്ചു .ഒരു പൊതുവിദ്യാലയത്തിൽ പഠിക്കുന്ന എനിക്ക് ഇത് ചിന്തിക്കുന്നതിനും അപ്പുറമാണ് ലിറ്റിൽ കൈറ്റ്സ് അംഗമായതിൽ ഞാൻ അഭിമാനിക്കുന്നു .9 -1 -2020 വ്യാഴാഴ്ച രാവിലെ 9 മണിക്കാണ് ഞങ്ങൾ വീട്ടിൽ നിന്നും തിരിച്ചത്.നേത്രാവതി എക്സ്പ്രെസ്സിൽ .എന്റെ ആദ്യത്തെ ദീർഘദൂര ട്രെയിൻ യാത്ര .അപ്പയും അമ്മയും കേശുവും ,ഷൈ ആന്റിയും അക്ഷയ് അണ്ണനും,നന്ദുവും ....എന്ത് രസമായിരുന്നു .അടുത്ത ദിവസം മുംബൈയിൽ എത്തി .എത്ര തിരക്കേറിയ സ്ഥലമാണ് .പിറ്റേന്ന് 9 മണിക്ക് ഹോട്ടലിൽ നിന്നിറങ്ങി. അവിടുന്ന് ഏകദേശം 5

കിലോമീറ്റർ ദൂരം കാണും. ഏകദേശം 9:45 ആയപ്പോൾ ഞങ്ങൾ സർദാർ പട്ടേൽ കോളേജ് ഓഫ് എഞ്ചിനീറിംഗിൽ ചെന്നു അവിടെ വെച്ചായിരുന്നു മത്സരം നടന്നിരുന്നത്. ഞങ്ങൾ അവിടെ ചെന്നു പേര് രജിസ്റ്റർ ചെയ്തു, അവർ ഞങ്ങൾക്കൊരു ബാൻഡ് തന്നു. അങ്ങനെ ഞങ്ങൾ ആ കോളേജിലെ സ്റ്റേജിൽ ചെന്നു, അവിടെ അവർ ഞങ്ങൾക്ക് കുറച്ചു നിർദ്ദേശങ്ങൾ തന്നു എന്നിട്ട് ഞങ്ങളെ സ്കൂളിൽ നടന്ന ട്രെയിനിങ് ക്യാമ്പിൽ പഠിപ്പിച്ച 'Black line follower' എന്ന റോബോട്ടിനെ ഉണ്ടാക്കാൻ പറഞ്ഞു. നമ്മുടെ കയ്യിൽ ഇല്ലാത്ത സാധനങ്ങൾ നമ്മൾക്ക് അവിടെ നിന്ന് തന്നെ വാങ്ങാം .ഞങ്ങളുടെ കയ്യിൽ Audino , IR Sensor, എന്നി സാധനങ്ങൾ ഇല്ലായിരുന്നു അതൊക്കെ ഞങ്ങൾ വാങ്ങി . 12:30 ആയപ്പോൾ മത്സരം തുടങ്ങി .പക്ഷെ ഞങ്ങളുടെ മത്സരം ഇന്റർവെൽ കഴിഞ്ഞിട്ടായിരുന്നു. അവസാനം ഞങ്ങളുടെ നമ്പർ വിളിച്ചു, ഞങ്ങൾ അകത്തേക്ക് കയറി. അവർ പറഞ്ഞു "ഇത് ക്വാർട്ടർ ഫൈനൽ ആണ് ഇതിൽ നിങ്ങൾ ജയിച്ചാലേ സെമിയിൽ ക്വാളിഫൈഡ് ആകു എന്ന് ". ഞങ്ങൾ റോബോട്ടിന്റെ സെൻസർ ഒക്കെ കറക്റ്റ് ആണോ എന്ന് നോക്കി, മത്സരം തുടങ്ങി. ഭാഗ്യത്തിന് ഞങ്ങളുടെ റോബോട്ട് തെറ്റാതെ ബ്ലാക്ക് ലൈൻ പിന്തുടർന്ന് പോയി ഫിനിഷിങ് പോയിന്റിൽ എത്തി. ഞങ്ങൾക്ക് സന്തോഷം സഹിക്കാനായില്ല, പിന്നെ ഞങ്ങൾ സെമി ഫൈനലിലേക്ക് അവിടെകുറച്ചു പ്രയാസമായിരുന്നു പക്ഷെ ഞങ്ങളുടെ റോബോട്ട് ഞങ്ങളെ ചതിച്ചില്ല, ഞങ്ങൾ അവിടെയും ജയിച്ചു. സർട്ടിഫിക്കറ്റും മെഡലും ലഭിച്ചു .ഒരിക്കലും മറക്കാൻ പറ്റാത്ത നിമിഷമായിരുന്നു അത്. ആ ദിവസം ഒരിക്കലും മറക്കാൻ ആവില്ല

എനിക്ക്.......

അടുത്ത ദിവസം ഞങ്ങൾ മുംബൈ സിറ്റി മുഴുവൻ ഒരു ഓട്ട പ്രദക്ഷിണം നടത്തി .പിന്നെ തിരികെ നാട്ടിലേക്ക് .വിജ്ഞാനവും വിനോദവുമായി ,ഏഴ്യ ദിവസം വളരെ പെട്ടെന്ന് കടന്നു പോയി .എനിക്ക് ഇങ്ങനൊരു അവസരം നൽകിയ എന്റെ സ്കൂളിനും ,ലിറ്റിൽ കൈറ്റ്സിനും ഒത്തിരി നന്ദി .



- നിരഞ്ജൻ കൃഷ്ണ.ആർ

8 C

## അമ്മമാരെ പാഠം പഠിപ്പിച്ച മക്കൾ



ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച അമ്മമാർക്കുള്ള കമ്പ്യൂട്ടർ പരിശീലനംവേറിട്ട അനുഭവമായി.കൊല്ലം കോർപറേഷൻ ഡെപ്യൂട്ടി മേയർ ശ്രീമതി വിജയ ഫ്രാൻസിസ് പരിപാടി ഉത്ഘാടനം ചെയ്തു .ഹൈസ്കൂളിലേ 250 അമ്മമാരാണ് പരിശീലനത്തിൽ പങ്കെടുത്തത് . സമേതം ക്യൂ ആർ കോഡ്, വിക്ടേഴ്സ് ചാനൽ ,സമഗ്ര തുടങ്ങിയ ആപ്പുകൾ അമ്മമാരുടെ മൊബൈൽ ഫോണിൽ ഇൻസ്റ്റാൾ ചെയ്യുകയും പരിചയപ്പെടുത്തുകയും ചെയ്തു.

## അറിവ് പകരാനുള്ളതാണ്




ഇലക്ട്രോണിക്സ് ,അനിമേഷൻ ,പ്രോഗ്രാമിങ് മേഖലകളിൽ തങ്ങൾക്കു ലഭിച്ച പരിശീലനത്തിലൂടെ കിട്ടിയ അറിവ് ,തൊട്ടടുത്തുള്ള കുരീപ്പുഴ യു പി സ്കൂളിലെ കൊച്ചനുജന്മാർക്കും അനുജത്തിമാർക്കും പകർന്നു നൽകുകയാണ് അഞ്ചാലുംമൂട് ലിറ്റിൽ കൈറ്റ്സ് .സ്ക്രാച്ച് ,ടുപ്പി സോഫ്റ്റ്വെയറുകളുടെ സാധ്യത കൊച്ചു മിടുക്കന്മാരും മിടുക്കികളും വളരെ വേഗം മനസ്സിലാക്കി .തുടർ പരിശീലനത്തിനായി ഇനിയും വരുമെന്നുള്ള ഉറപ്പിലാണ് അവർ ഞങ്ങളെ പോകാൻ അനുവദിച്ചത് .

**"വിദ്യാലയം പ്രതിഭകളോടൊപ്പം "** പരിപാടിയുടെ ഭാഗമായി നവംബർ 23 ന് അഞ്ചാലുംമൂട് ലിറ്റിൽ കൈറ്റ്സ് ശ്രീ.നാസർ സാറിന്റെ വീട്ടിലെത്തി.സംസ്ഥാന ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് അംഗം, പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് ഡപ്യൂട്ടി ഡയറക്ടർ ( Retd),കഴിഞ്ഞ 30 വർഷമായി നീരാവിൽ നവോദയം ഗ്രന്ഥശാലയുടെ സെക്രട്ടറി, മികച്ച സാമൂഹ്യ പ്രവർത്തകൻ, ഇതിലെല്ലാമുപരി ഞങ്ങളുടെ പൂർവ്വ വിദ്യാർത്ഥി.



## നവകേരളം 2019



നവകേരളം - 2019.

കേരള സർക്കാരിന്റെ

1000 ദിനങ്ങൾ.

കൊല്ലം ആശ്രാമം

മൈതാനത്ത്

സർക്കാരിന്റെ വിവിധ

വകുപ്പുകൾ

നേട്ടങ്ങളുമായി അണിനിരന്നു. വിദ്യാഭ്യാസ വകുപ്പിന്റെ നേട്ടങ്ങളുടെ

വിശദീകരണവുമായി KITE കൊല്ലത്തോടൊപ്പം അഞ്ചാലുംമൂട് ലിറ്റിൽ



കൈറ്റ്സും. പൊതുവിദ്യാലയ

സംരക്ഷണയജ്ഞത്തെക്കുറിച്ചും,

സമഗ്ര, ഹൈടെക്

ക്ലാസ്സ്റൂം,തുടങ്ങിയവയെ

കുറിച്ചുമൊക്കെ കുട്ടികൾ

പൊതുജനങ്ങൾക്ക്

വിശദീകരിച്ചു കൊടുത്തു.

## ഫീൽഡ് ട്രിപ്പ് സംഘടിപ്പിച്ചു



സംസ്ഥാനത്തെ തന്നെ ആദ്യത്തെ ലിറ്റിൽ കൈറ്റ് ഫീൽഡ് ട്രിപ്പ് അഞ്ചാലുംമൂട് ലിറ്റിൽ കൈറ്റ് സംഘടിപ്പിച്ചു. 37 കുട്ടികളും 4 അധ്യാപകരുമടങ്ങുന്ന സംഘം രാവിലെ 6:30 ന് സ്കൂളിൽ നിന്നും പുറപ്പെട്ടു. ലോക മാതൃഭാഷാ ദിനത്തിൽ തന്നെ ആശാൻ സ്മാരകം സന്ദർശിക്കാനായത് തികച്ചും യാദൃശ്ചികമായി.

വിക്ടേഴ്സ് ചാനൽ സ്ഥിതി ചെയ്യുന്ന SCERT കെട്ടിട സമുച്ചയത്തിൽ, SCERT ഡയറക്ടർ, Dr. J. Prasad, KITE ചീഫ്, അൻവർ സാദത്ത്, വിക്ടേഴ്സ് ചാനൽ ഹെഡ്, മുരുകൻ കാട്ടാക്കട, SCERT മലയാളം ഹെഡ്, Dr. P.K തിലക് എന്നി

വിശിഷ്ടാതിഥികൾക്കൊപ്പം അസുലഭ മുഹൂർത്തങ്ങൾ പങ്കിടാൻ ഞങ്ങൾക്ക് സാധിച്ചു. ശ്രീ മുരുകൻ കാട്ടാക്കട കുട്ടികൾക്കായി കുട്ടികവിത ചൊല്ലി.

പിന്നീട് കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ചു ചാനൽ ഒഫീഷ്യൽസ് ഡബ്ബിങ്, എഡിറ്റിംഗ്, സ്റ്റുഡിയോ,ഫോട്ടോഗ്രഫി ഓഡിയോ,സംപ്രേഷണം തുടങ്ങിയ മേഖലകളെക്കുറിച്ചു കുട്ടികൾക്ക് വിശദീകരിച്ചു.

**ലിറ്റിൽ കൈറ്റ്സിന്റെ മുഴുവൻ പ്രവർത്തനങ്ങളും കാണുവാൻ താഴെ കാണുന്ന ലിങ്ക് ക്ലിക്ക് ചെയ്തു അഞ്ചാലുംമൂട് സ്കൂളിന്റെ വിക്കി പേജ് സന്ദർശിക്കുക .**

https://schoolwiki.in/index.php?title=ഗവണ്മെന്റ്_എച്ച്_സ്_എസ്_അഞ്ചാലുംമൂട്/ലിറ്റിൽകൈറ്റ്സ്&
%2F ഗവ_എച്ച്_എസ്__എസ്_അഞ്ചാലുംമൂട്_%2F ലിറ്റിൽകൈറ്റ്സ്=

# നന്ദി

വായന അന്യമായി കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ,വാക്കുകൾ കൊണ്ടുള്ള ഒരു വിരുന്നൊരുക്കുകയാണ് അഞ്ചാലുംമൂട് ലിറ്റിൽ കൈറ്റ്സ് ഈ മാസികയിലൂടെ .ഈ കമ്പ്യൂട്ടർ യുഗത്തിൽ പുതിയ തലമുറ അക്ഷരങ്ങളുടെ ലോകത്തു നിന്നും പ്രത്യേകിച്ച് മാതൃഭാഷയിൽ നിന്നും അകന്നു പോകാതെ ചേർത്ത് നിർത്തുവാൻ ഇത്തരം സംരംഭങ്ങൾ സഹായിക്കുമെന്നുറപ്പാണ്.ബേപ്പൂരിന്റെ സുൽത്താന് ജന്മദിനത്തിന്റെ സ്മരണികയായി പുറത്തിറങ്ങുന്ന ,കുട്ടികളുടെ ഈ കലാസൃഷ്ടിക്കു വേണ്ടുന്ന എല്ലാ പിന്തുണയും തന്ന എല്ലാ സുമനസുകൾക്കും ഹൃദയത്തിന്റെ ഭാഷയിൽ അർപ്പിക്കുന്നു
.



ജി രശ്മി

കൈറ്റ് മിസ്ട്രസ്

ജി രശ്മി

കൈറ്റ് മിസ്ട്രസ്
ജി എച്ച് എസ് എസ് അഞ്ചാലുംമൂട്

Link to our YouTube channel

https://www.youtube.com/results?search_query=littlekitesanchalummood

Please

*Like*

*Share and*

*Subscribe*

*and click the bell icon*

Mob: 9447800348